# ജാമക്കാരൻ
# JAMAKKARAN

**VOLUME - 4** **Reg NO.TNBIL/2016/70171** **ISSUE - 7**

**JULY - 2020 TAMIL & MALAYALAM**

**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**

**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. **9894261333 This No. is for SMS Purpose only**



കർത്താവിൽ പ്രിയമുള്ള വായനക്കാർക്ക്,

യേശുക്രിസ്തുവിൻ മാധുര്യനാമത്തിൽ സ്നേഹവന്ദനം,

കഴിഞ്ഞ മെയ്മാസ ജാമക്കാരനും, ജൂൺ മാസ ജാമക്കാരനും വായിച്ച ധാരാളം ആളുകൾ അവരുടെ വിമർശനങ്ങൾ എഴുതി അറിയിച്ചിരുന്നു. മലബാർ, കൊച്ചി, മദ്ധ്യകേരളം, തെക്കൻ കേരളം എന്നീ ഡയോസിസുകളിൽ ഉള്ളവർ, മാർത്തോമാ സഭാ വിശ്വാസികൾ, അച്ചൻമാർ തുടങ്ങിയ എന്റെ ജാമക്കാരൻ വായനക്കാർ, വെബ്സൈറ്റിൽ ജാമക്കാരൻ വായിച്ചവർ, ജാമക്കാരൻ മാസിക വായനക്കാർ അല്ലാത്തവർ, ഇങ്ങനെ ധാരാളം ജനങ്ങൾ തങ്ങളുടെ അഭിപ്രായങ്ങളെ മനസുതുറന്ന് എഴുതിയിരുന്നു.

പല ജില്ലകളിൽ നിന്നും ജാമക്കാരൻ മാസിക ആവശ്യപ്പെട്ട് കത്ത് മുഖാന്തരവും ഇ–മെയിൽ മുഖാന്തരവും എനിക്ക് എഴുതി അയച്ചിരുന്നു. അവർക്കെല്ലാം തന്നെ മാസിക ഉടനെ അയച്ചു കൊടുത്തു. വായനക്കാർ

ജാമക്കാരൻ JAMAKKARAN

# JULY- 2020

അല്ലാത്ത പലരും പുതിയതായി പണം അയച്ച് എന്നെ ഉത്സാഹപ്പെടുത്തി, കത്ത് എഴുതിയത് എന്റെ വേലയിൽ എന്നെ ധൈര്യപ്പെടുത്തി. ഞാനും ദൈവത്തിന് നന്ദി പറഞ്ഞ് പ്രാർത്ഥിച്ചു. ആ പുതിയ വിശ്വാസികളുടെയും, അച്ചൻമാരുടെയും സ്നേഹത്തിനായി ദൈവത്തെ സ്തുതിക്കുന്നു.

എല്ലാ സഭകളുടെ ബിഷപ്പുമാർക്കായും, പട്ടക്കാർക്കായും, ഉപദേശിമാർക്കായും ഞാനും എന്റെ ഭാര്യയും ചേർന്ന് പ്രാർത്ഥിക്കുന്നു. ഞാൻ വീട്ടിൽ നിന്നും വെളിയിൽ പോയിട്ട് 130 ദിവസങ്ങളായി. സിനിമാ തിയേറ്ററുകളിൽ 100–ാം ദിവസ ആഘോഷം എന്നു അറിയിക്കുന്നതു പോലെയാണ് എന്റെ അവസ്ഥ.

കൊറോണ വൈറസിന്റെ ആക്രമണം ജൂലൈ മാസത്തോടെ കഴിയും, ആഗസ്റ്റ് മാസത്തോടെ കഴിയും എന്നെല്ലാം പറഞ്ഞ് അറിയിച്ചിട്ട് ഇപ്പോൾ അത് ഡിസംബർ മാസം വരെ നീണ്ടു നില്ക്കുമെന്ന് ഭരണകൂടം അറിയിച്ചിരിക്കുന്നു. അതോടുകൂടെ കേന്ദ്ര ഗവൺമെന്റും, സംസ്ഥാന ഗവൺമെന്റും ജനങ്ങൾ കൊറോണ രോഗത്തോട് ചേർന്ന് ജീവിക്കാൻ ശീലിക്കണം എന്ന് അറിയിച്ചു രോഗത്തോട് ചേർന്ന് ജീവിക്കാൻ ശീലിക്കണം എന്ന് അറിയിച്ചു കഴിഞ്ഞു. പിശാചിനെ കല്യാണം കഴിക്കാൻ ഇഷ്ടമുണ്ടോ ഇല്ലയോ ഏതായാലും പിശാചിനോടുകൂടെ കുടുംബം നടത്തിയെ പറ്റൂ എന്ന് നിർബന്ധിച്ച് വിവാഹം നടത്തിയതുപോലെ അറിയിച്ചിരിക്കുന്നു.

കൊറോണ വൈറസ് ആർക്കും കീഴടങ്ങാതെ ദിനം തോറും കൂടി കൊണ്ടേ ഇരിക്കുന്നു. ആരംഭത്തിൽ രണ്ട് ആഴ്ച ലോക്ഡൗൺ എന്നു പറഞ്ഞു. പിന്നീട് ഡബിൾ ലോക്ഡൗൺ എന്നു പറഞ്ഞു. ഇപ്പോൾ ട്രിപ്പിൾ ലോക്ഡൗൺ എന്നു പറഞ്ഞുകൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള ലോക്ഡൗൺ എന്റെ 80 വയസ് അനുഭവത്തിൽ ഇതുവരെ കേൾക്കാത്ത സംഭവമാണ്. തൃശൂരിലുള്ള എന്റെ വായനക്കാരിൽ ഒരാൾ എന്നോട് പ്രാർത്ഥനക്കുള്ള വിവരങ്ങൾ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ **ട്രിപ്പിൾ ലോക്ഡൗൺ** എന്നാൽ എന്താണ്? അത് എങ്ങനെ ആയിരിക്കുമെന്ന് ഞാൻ

അദ്ദേഹത്തോട് ചോദിച്ചു. അതിന് മറുപടിയായി ഞങ്ങൾക്ക് ഇത് പുതിയ അനുഭവമാണ് ഞങ്ങൾ താമസിക്കുന്ന സ്ഥലത്ത് ട്രിപ്പിൾ ലോക്ഡൗൺ ഇല്ല തൊട്ടടുത്തുള്ള സ്ഥലത്ത് ട്രിപ്പിൾ ലോക്ഡൗൺ എന്ന് അറിയിച്ചിട്ടുണ്ട്. ഞാൻ അതിനെക്കുറിച്ച് അന്വേഷിച്ച് നിങ്ങൾക്ക് വിവരം അറിയിക്കാം എന്നു പറഞ്ഞു. നാം ഞെരുക്കമായ സാഹചര്യത്തിൽ കൂടി കടന്നു പോയി കൊണ്ടിരിക്കുകയാണ്. ജാമക്കാരൻ വായിക്കുന്ന 72000 വായനക്കാരിൽ ഇതുവരെ ആരും കൊറോണ കാരണം മരിച്ചതായോ, ബാധിക്കപ്പെട്ടതായോ എന്നെ അറിയിച്ചിട്ടില്ല. ഒരേ ഒരു കുടുംബത്തിൽ മാത്രം കൊറോണ പോസിറ്റീവ് എന്നു കണ്ടറിഞ്ഞ് അവരെ ഒറ്റപ്പെടുത്തിയിരിക്കുന്നു. അവരും സുഖം പ്രാപിച്ചു വരുന്നു എന്ന വാർത്ത എന്നെ സന്തോഷിപ്പിച്ചു.

## കൊറോണ ലോക്ഡൗണിനു മുമ്പ്
## കൊറോണ ലോക്ഡൗണിനു പിൻപ്

ഇതാണ് ജൂലൈ മാസത്തിന്റെ നമ്മുടെ ചിന്താവിഷയമായി എഴുതി അറിയിക്കുന്നത്. നിങ്ങൾക്കെല്ലാവർക്കും വിദേശത്തുള്ള എന്റെ വായനക്കാർക്കും തീർച്ചയായും പ്രയോജനപ്രദമായിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

ഇതിനാധാരമായി ഉല്പത്തി 6:1–10, ഉല്പത്തി 8:6–17 വരെയുള്ള ഈ വചനങ്ങളെ നിങ്ങൾ വായിച്ചു നോക്കുവിൻ.

ആദാമിന്റെയും ഹവ്വയുടെയും കാലത്തിനു ശേഷം മനുഷ്യർ ഭൂമിയിൽ വർദ്ധിച്ചു പെരുകി ദിവസങ്ങൾ കഴിയും തോറും മനുഷ്യർ ദൈവഭയം ഇല്ലാതെ ദൈവത്തെ അനുസരിക്കാതെ മനസ് പോകുന്ന പോക്കിൽ പാപം ചെയ്ത് ജീവിക്കാൻ തുടങ്ങി കർത്താവിന്റെ ഹൃദയം വളരെ അധികം വേദനിച്ചു. ഒരു അവസരത്തിൽ ദൈവം താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കിയതിനെക്കുറിച്ച് അനുതപിച്ചു. അവരുടെ പ്രവൃത്തി ദൈവത്തിന്റെ ഹൃദയത്തെ ദുഃഖിപ്പിച്ചു എന്ന് വചനം പറയുന്നു (ഉല്പ. 6:6). അതോടുകൂടെ

മനുഷ്യനിൽ എന്റെ ആത്മാവ് സദാകാലവും വാദിച്ചു കൊണ്ടിരിക്കുകയില്ല എന്നു പറഞ്ഞ് വളരെ ദുഃഖത്തോടെ മനുഷ്യന്റെ ആയുസ്സ് 120 വർഷമായി ദൈവം കുറച്ചു.

അതിന് മുമ്പ് ജീവിച്ചിരുന്നവർ 200, 300, 900 വർഷങ്ങൾ ജീവിച്ചിരുന്നു. എന്നാൽ ഇനി ഏതു മനുഷ്യനും 120 വർഷത്തിനുമേൽ ജീവിക്കാൻ അനുവാദം ഇല്ല എന്ന് ദൈവം മനോവേദനയോടെ പറഞ്ഞു. അതിനുശേഷവും ജനങ്ങളുടെ പാപം അളവില്ലാതെ വർദ്ധിച്ചു വന്നു. അതുകൊണ്ട് ദൈവം വളരെ അധികം കോപത്തോടെ ഞാൻ സൃഷ്ടിച്ച മനുഷ്യനെ ഭൂമിയിൽ ഇനി ജീവിക്കാൻ അനുവദിക്കാതെ മനുഷ്യർ മുതൽ അവനുവേണ്ടി ഉണ്ടാക്കിയ ഭൂമിയിലെ സകല മൃഗങ്ങളേയും മനുഷ്യൻ ജീവിക്കാനായി ഉണ്ടാക്കിയ സകല ചെടി, കൊടി, മരങ്ങൾ എല്ലാത്തിനേയും ആകാശത്തിലുള്ള പറവ ജാതികളേയും സംഹരിച്ചു കളയും എന്നു ദൈവം പറഞ്ഞു. ഇങ്ങനെയുള്ള, പാപം നിറഞ്ഞ, ജനങ്ങളുടെ ഇടയിൽ ദൈവത്തെ പേടിച്ച് തന്റെ കുടുംബത്തോടുകൂടെ ഉത്തമനും, നീതിമാനുമായി നോഹ എന്ന ഒരുവൻ മാത്രം ജീവിച്ചതുകൊണ്ട് നോഹക്കും അവന്റെ കുടുംബത്തിനും മാത്രം ദൈവത്തിന്റെ കണ്ണിൽ ദയ ലഭിച്ചു എന്ന് ബൈബിൾ പറയുന്നു (ഉല്പ. 6:7–9). അതോടുകൂടെ ഹാനോക്കിനെ പോലെ നോഹയും ദൈവത്തോടുകൂടെ സഞ്ചരിച്ചു കൊണ്ടിരുന്നു എന്ന് ബൈബിളിൽ പറഞ്ഞിരിക്കുന്നു.

ഈ സമയത്ത് ദൈവം ലോകത്തെ മുഴുവനും നശിപ്പിക്കാൻ തയ്യാറായി എന്നാൽ അതിനുമുമ്പ് ദൈവത്തെ ഭയപ്പെട്ടു ജീവിച്ചവനായ നോഹയെയും കുടുംബത്തേയും രക്ഷിക്കാൻ ദൈവം തീരുമാനിച്ചു. അക്രമത്തിൽ ജീവിച്ചിരുന്ന ഭക്തി കെട്ട അന്നത്തെ ജനങ്ങൾക്ക് നോഹ എന്നവൻ ദൈവത്തിന്റെ നീതിയെക്കുറിച്ച് പ്രസംഗിച്ചു ജനങ്ങൾക്ക് ജാഗ്രത നിർദ്ദേശം നല്കി എന്ന് പിന്നീടുള്ള കാലത്ത് യേശുവിന്റെ ശിഷ്യനായ പത്രോസ് തന്റെ ലേഖനത്തിൽ 2 പത്രോ. 2: 5–ൽ എഴുതിയിരിക്കുന്നു. അതുകൊണ്ടാണ്

ദൈവത്തിന്റെ കണ്ണിൽ നോഹക്കും അവന്റെ ഭാര്യക്കും മൂന്ന് ആൺമക്കൾക്കും അവരുടെ ഭാര്യമാർക്കും ആകെ എട്ട് പേർക്ക് മാത്രം ദൈവത്തിന്റെ ദയ ലഭിച്ചു. അവരെ മാത്രം രക്ഷിക്കാൻ ദൈവം തീരുമാനിച്ച് ഒരു വലിയ പെട്ടകം ഉണ്ടാക്കാൻ വേണ്ടി അതിന്റെ മാതൃകയും അവന് പറഞ്ഞു കൊടുത്തു. നോഹ ആ പെട്ടകം പണിതു തീർത്തതിന് ശേഷം ഭൂമിയിൽ അന്ന് ജീവിച്ചിരുന്ന ഇഴജാതികളിലും, പറവ ജാതികളിലും, മൃഗങ്ങളിലും ആണും പെണ്ണുമായി ജോഡി ജോഡിയായി പെട്ടകത്തിനുള്ളിലാക്കി. നോഹയും കുടുംബവും ഉള്ളിൽ പ്രവേശിച്ചതോടെ ദൈവം തന്നെ പെട്ടകത്തിന്റെ വാതിൽ അടച്ചു (ഉല്പ. 7:16).

## ലോക്ഡൗൺ

നോഹയുടെ കുടുംബവും, മറ്റു മൃഗജാതികളും ഏകദേശം ഒരു വർഷം പെട്ടകത്തിനുള്ളിൽ **ലോക്ഡൗണിൽ** അടക്കപ്പെട്ടു. ഇപ്പോൾ നാം ഇരിക്കുന്ന അതേ സാഹചര്യത്തിൽ തന്നെയാണ് നോഹയും കുടുംബവും ഉണ്ടായിരുന്നത്. പെട്ടകത്തിനുള്ളിൽ ഇരുന്ന നോഹക്കോ, കുടുംബത്തിനോ, മൃഗങ്ങൾക്കോ ദൈവം ഒരു കുറവും വച്ചില്ല. അതുകൊണ്ട് നോഹ പെട്ടകത്തിന് വെളിയിൽ വന്ന ഉടനെ തന്നെ ആദ്യം ദൈവത്തിന് ഒരു യാഗപീഠം പണിതു. അതിൽ ശുദ്ധിയുള്ള മൃഗങ്ങളെയും പറവ ജാതികളേയും സ്തോത്രയാഗമായി അർപ്പിച്ചു. വചനം പറയുന്നു യഹോവ **സൗരഭ്യവാസന മണത്തു** (ഉല്പ. 8:21) യാഗം അർപ്പിക്കുമ്പോൾ എങ്ങനെ **സൗരഭ്യവാസന** ഉണ്ടാകും? പെട്ടകത്തിന് ഉള്ളിൽ **ലോക്ഡൗൺ** കാലത്തിലും ദൈവം നോഹക്ക് ഒരു കുറവും വച്ചിട്ടില്ല. ഒരു വർഷം സീൽ വയ്ക്കപ്പെട്ട പെട്ടകത്തിനുള്ളിൽ പ്രത്യേകിച്ച് സകല മൃഗങ്ങളും പറവ ജാതികളും നിറഞ്ഞ പെട്ടകത്തിനുള്ളിൽ ഒരു പകർച്ച വ്യാധിയും വരാതെ എന്നെയും, എന്റെ കുടുംബത്തേയും ദൈവം കാത്തു സൂക്ഷിച്ചല്ലോ അതോർത്ത് **നന്ദിയോടെ സ്തോത്രയാഗം അർപ്പിച്ചു. ആ സാക്ഷിയാണ് ദൈവം സൗരഭ്യവാസനയായി മണത്തത്.**

# കൊറോണ ലോക്ഡൗണിനു പിൻപ്

കോറോണ ലോക്ഡൗണിന് പിന്നീടാണ് നാം പല പുതിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ പോകുന്നത്. അതിനെ എതിരേല്ക്കാൻ നാം നമ്മെ തന്നെ ഒരുക്കണം.

അമേരിക്കയിലെ **ഇരട്ട ഗോപുരം** ഇടിഞ്ഞു വീണപ്പോൾ പല ആയിരക്കണക്കായ ജനങ്ങൾ മരിച്ചുപോയി. മരിച്ചവരുടെ കുടുംബത്തിൽ എത്ര അധികം ദുഃഖവും വേദനയും അനുഭവിച്ചിട്ടുണ്ടാകും. അതുപോലെ ഒരു കുടുംബത്തെ നടത്തി വന്ന കുടുംബനാഥൻ കൊറോണ രോഗത്താൽ മരിച്ചു പോയാൽ ആ വ്യക്തിയുടെ ഭാര്യ, മക്കൾ എല്ലാവരും അനാഥരാവില്ലേ! കുട്ടികളുടെ വിദ്യാഭ്യാസം നിന്നു പോകും. ഗൗരവമായി കുടുംബജീവിതം നയിച്ച ഭാര്യ ഭക്ഷണം കഴിക്കാൻ വഴിയില്ലാത്തതുകൊണ്ട് കൂലിപ്പണി ചെയ്തെങ്കിലും തന്റെ മക്കളെ പോറ്റാൻ ശ്രമിക്കും. കൂലിപ്പണി ചെയ്യുന്നത് അപമാനമായി തോന്നുകയില്ല. കാണുന്നവരും, ബന്ധുക്കളും, വെറുപ്പോടെ നോക്കും. ചെന്നെയിൽ കൊറോണ രോഗത്താൽ മരിച്ചു പോയ ഒരാളുടെ മക്കൾ ഇപ്പോൾ അനാഥാലയത്തിൽ വളരുന്നു. എത്ര പരിതാപകരമായ അവസ്ഥ.

ഇങ്ങനെയുള്ള പ്രശ്നങ്ങളിൽ കുടുങ്ങി പോകാതെ നമ്മെ കാത്തു സൂക്ഷിച്ച ദൈവത്തിന് നന്ദി പറയേണ്ടത് വളരെ അത്യാവശ്യമാണ്. ഇതേപോലെയുള്ള മാറ്റങ്ങൾ **കൊറോണ ലോക്ഡൗണിന്** പിൻപ് സംഭവിക്കും. മുമ്പെല്ലാം ആരെങ്കിലും ജലദോഷം നിമിത്തം തുമ്മുമ്പോൾ ഗോഡ് ബ്ലസ് യൂ എന്നു പറയും എന്നാൽ ലോക്ഡൗണിന് ശേഷം ആരെങ്കിലും തുമ്മിയാൽ അരികിലുള്ള എല്ലാവരും ഓടിപോകും. എന്തൊരു മാറ്റം. അമേരിക്കയുടെ ഇരട്ടഗോപുരം തീവ്രവാദികളാൽ തകർക്കപ്പെടുന്നതിന് മുമ്പ് നാം ഏതൊരു രാജ്യത്തിലേക്ക് യാത്ര ചെയ്താലും വിമാന താവളത്തിൽ ആരും നമ്മെ തടസ്സപ്പെടുത്തുകയില്ലായിരുന്നു. അവസാന നിമിഷത്തിൽ താമസിച്ചു വന്നാലും ഓടിപ്പോയി വിമാനത്തിൽ കയറാമായിരുന്നു.

എന്നാൽ ഇപ്പോൾ എയർപോട്ടിൽ ചെല്ലുമ്പോൾ തന്നെ പല വിധത്തിലുള്ള പരിശോധനകൾ നടത്തിയതിന് ശേഷം മാത്രമേ ഉള്ളിലേക്ക്

കയറാൻ അനുവദിക്കുകയുള്ളൂ. അങ്ങനെ തന്നെ നാം ഏതൊരു നാട്ടിൽ ചെന്നിറങ്ങിയാലും വീണ്ടും പല പരിശോധനകൾ നേരിടേണ്ടി വരും. യാത്ര ചെയ്യുന്നതുവരെ തീവ്രവാദികളെ നോക്കുന്നതു പോലെ പോലീസ് ഉദ്യോഗസ്ഥൻമാർ നോക്കും. പല മണിക്കൂറുകൾക്കു മുമ്പേ എയർപോട്ടിൽ ചെന്നാൽ മാത്രമേ നമ്മെ വിമാനത്തിൽ കയറാൻ അനുവദിക്കുകയുള്ളൂ. എന്തൊരു മാറ്റം.

ഇപ്പോൾ മാസ്ക് ഇടാതെ റോഡിൽ നടക്കാൻ കഴിയുകയില്ല. കൊറോണ വൈറസ് നിർമ്മൂലമായാലും പല വർഷങ്ങൾ മാസ്ക് ധരിക്കാതെ പുറത്തിറങ്ങാൻ പറ്റില്ല.

പണ്ടത്തെപ്പോലെ പള്ളിയിൽ ഒന്നിച്ചിരിക്കാൻ പറ്റില്ല. കുടുംബമായി ഒരു കാറിൽ യാത്ര ചെയ്യാൻ കഴിയില്ല. മാതാപിതാക്കൾ മരിച്ചാലും ശവസംസ്കാരത്തിന് പത്ത് പേരിൽ കൂടുതൽ പേർക്ക് അനുവാദമില്ല. നാം മക്കൾക്ക് കല്യാണം നടത്തിയാൽ പണ്ടുള്ളതുപോലെ രണ്ടുദിവസം മുമ്പേ വന്ന് കൂടെ താമസിച്ച് അവരെ അനുഗ്രഹിക്കണമെന്ന് പറയാൻ പറ്റില്ല. കള്ള താലി കെട്ടുന്നതുപോലെ പത്ത് പേരിൽ കൂടുതൽ വരാൻ പാടില്ല എന്നതുകൊണ്ട് കല്യാണക്കുറി കൂടി അച്ചടിക്കാതെ പ്രത്യേക വ്യക്തികളെ മാത്രം ഫോണിൽ വിളിച്ച് കല്യാണം കഴിഞ്ഞ ഉടനെ മറ്റു ബന്ധുക്കളോടു നിങ്ങളെ വിളിക്കാത്തതുകൊണ്ട് ദേഷ്യപ്പെടരുതെന്ന് യാചിക്കേണ്ട അവസ്ഥയാണ്. എന്തൊരുമാറ്റം!

ഇതേ പ്രശ്നങ്ങൾക്കിടയിലും രക്ഷിക്കപ്പെട്ട വിശ്വാസികൾ പുറത്തുപോയിട്ടോ അല്ലെങ്കിൽ കടയിൽ പോയിട്ടോ വീട്ടിലേക്ക് മടങ്ങി വന്ന ഉടനെ നന്ദി കർത്താവെ കൊറോണ വൈറസ് ഞങ്ങളെ ബാധിക്കാതെ കാത്തുസൂക്ഷിച്ചല്ലോ എന്ന് ദൈവത്തിന് നന്ദി പറഞ്ഞു കൊണ്ടിരിക്കണം.

നോഹ പെട്ടകത്തിന്റെ ഉള്ളിൽ ഒരു വർഷത്തെ ലോക്ഡൗണിന് ശേഷം പുറത്തു വന്ന ഉടനെ ആദ്യമായി ചെയ്തത് ദൈവത്തിന് സ്തോത്രയാഗം അർപ്പിക്കുകയായിരുന്നു.

## ജാഗ്രതയുള്ളവരായിരിക്കുവിൻ

നോഹയുടെ ജീവിതത്തിൽ ലോക്ഡൗണിന് ശേഷം മുന്തിരിത്തോട്ടം ഉണ്ടാക്കി. കൃഷി ചെയ്തതിൽ തെറ്റില്ല. മുന്തിരിത്തോട്ടത്തിൽ നിന്നും പഴങ്ങൾ ലഭിച്ച ഉടനെ അതിലെ വീഞ്ഞു അളവിലധികമായി കുടിച്ച് ലഹരിപിടിച്ച് തന്റെ വസ്ത്രം നീങ്ങിയത്, അറിയാതെ വീട്ടിൽ മൂന്നു പെൺകുട്ടികൾ ഉള്ള വിചാരം ഇല്ലാതെ, മത്തനായി കിടന്നു.

വീഞ്ഞു കുടിക്കുന്നത് പാപം അല്ല. അന്നത്തെ കാലത്ത് വീഞ്ഞില്ലാത്ത വീടുകൾ ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് തിരുവത്താഴത്തിനു കൂടെ യേശു വീഞ്ഞിനെയാണ് തന്റെ രക്തത്തെ ഓർമ്മപ്പെടുത്താൻ ഉദാഹരണമായി എടുത്തു കാട്ടിയത്. വയറിന്റെ ദഹനക്കുറവിന് പൗലോസ് തിമോത്തിയോസിനോട് ഇടയ്ക്കിടക്ക് വീഞ്ഞു കുടിക്കാം എന്ന് ആലോചന പറഞ്ഞിരുന്നു.

എന്നാൽ നോഹ ബോധമില്ലാതെ, അളവിന് അധികമായി വീഞ്ഞുകുടിച്ച് ദൈവത്തിന്റെ ഹൃദയത്തെ വേദനിപ്പിച്ചു.

അതുകൊണ്ടാണ് നോഹയുടെ യാഗത്തിൽ പ്രസാദിച്ച് ദൈവം അവനെ അനുഗ്രഹിക്കുമ്പോൾ അതോടുകൂടെ ഒരു നിർദ്ദേശവും നല്കി (ഉല്പ. 8:21). മനുഷ്യന്റെ മനോ നിരൂപണം ബാല്യം മുതൽ ദോഷമുള്ളതാകുന്നു. **നോഹ നിനക്കും ഇത് ഒരു ജാഗ്രതാ നിർദ്ദേശമാണെന്ന് ഓർമ്മിപ്പിക്കുന്ന വിധത്തിൽ** ദൈവം അവനോട് പറഞ്ഞു. ആ ജാഗ്രതാ നിർദ്ദേശത്തെ അവൻ കൈക്കൊണ്ടില്ല. ലോകത്തെ ദൈവം നശിപ്പിക്കുന്നതിനു മുമ്പും അവൻ പെട്ടകത്തിനകത്ത് പ്രവേശിക്കുന്നതിന് മുമ്പും അവൻ വീഞ്ഞു കുടിച്ചവനാണ്. അളവോടെ കുടിച്ചു. ലോക ജനങ്ങളോ വീഞ്ഞു കുടിച്ച് ബോധം കെട്ട് പലവിധ മ്ലേച്ഛമായ പാപങ്ങളിൽ വീണ് ദൈവകോപത്തിന് ഇടം കൊടുത്തു. ഇത് നോഹക്ക് നന്നായിട്ടറിയാം. എന്നാൽ ഒരു വർഷം പെട്ടകത്തിനുള്ളിൽ വീഞ്ഞു കുടിക്കാത്തതുകൊണ്ട് പുറത്തു വന്ന ഉടനെ അളവധികമായി കുടിച്ച് ദൈവകോപത്തിന് ഇടം കൊടുത്തു. ഒരു വർഷത്തെ **ലോക്ഡൗണിന് മുമ്പ്** അളവോടു കുടിച്ച നോഹ **ലോക്ഡൗണിന് ശേഷം** ഭ്രാന്തമായി കുടിച്ച് തീർത്തു.

തന്നെ ജാഗ്രതയോടെ കാത്തു സൂക്ഷിച്ചില്ല. പൗലോസ് കൊരിന്ത്യ സഭക്ക് എഴുതുമ്പോൾ (1 കൊരി. 10:23 –ൽ) സകലത്തിലും എനിക്ക്

**കർത്തവ്യമുണ്ട്**. എങ്കിലും സകലവും എനിക്ക് പ്രയോജനമുള്ളതല്ല. (യോഗ്യത) സകലത്തിലും എനിക്ക് **കർത്തവ്യമുണ്ട്** എങ്കിലും സകലവും **ആത്മീയ വർദ്ധന** വരുത്തുന്നില്ല എന്നു പറയുന്നു.

**യോഗ്യത** : ഞാൻ ഒരു ക്രിസ്ത്യാനി ആണ്. ഞാൻ ഒരു ശുശ്രൂഷകനാണ്. പലരും എന്നെ ശ്രദ്ധിക്കുന്നുണ്ട്. ശുശ്രൂഷകന് ചില യോഗ്യതകൾ ഉണ്ട്. ഞാനും മനുഷ്യനാണ്. അതുകൊണ്ട് ഞാൻ ജാഗ്രത ഉള്ളവനായിരിക്കണം എന്ന് ഓരോരുത്തരും വിചാരിക്കണം.

**ആത്മീയ വർദ്ധന** : എന്റെ പ്രവൃത്തി കാണുന്നവർക്ക് ആത്മീയ വർദ്ധനവ് ഉണ്ടാക്കുകയില്ല. എനിക്ക് സ്വയമായി ആത്മീയ വർദ്ധനവ് വരുത്താൻ കഴിയുകയില്ല 1 കൊരി. 6:12–ൽ പറയുമ്പോൾ ഇതേ വചനങ്ങളെ തന്നെ പറഞ്ഞതിന് ശേഷം അവസാനമായി സകലത്തിലും എനിക്ക് കർത്താവുണ്ട് എങ്കിലും യാതൊന്നിനും ഞാൻ **അധീനനാകയില്ല** എന്നു പൗലോസ് പറയുന്നു. മദ്യം നമ്മെ അടിമയാക്കും.

ചിലർക്ക് രാവിലെ കാപ്പി അഥവാ ചായ കുടിച്ചാൽ മാത്രമേ ജോലി ചെയ്യാൻ കഴിയുകയുള്ളു എന്നു പറയാറുണ്ട്. ചായയോ, കാപ്പിയോ കിട്ടാത്ത സാഹചര്യത്തിൽ തലവേദന വരും. കാരണം അവർ അതിന് അടിമയായി പോയി എന്നർത്ഥം. കൊറോണ ലോക്ഡൗൺ സമയത്ത് ചാരായ കടകൾ അടച്ചു. അതുകൊണ്ട് പലരും ഭ്രാന്തൻമാരെ പോലെ റോഡിൽ കിടന്ന് നിലവിളിച്ചു. ചിലർ ആത്മഹത്യ ചെയ്തു. ചിലരുടെ കൈകാലുകൾ വിറക്കാൻ തുടങ്ങി. കാരണം അവർ മദ്യത്തിന് അടിമയായി പോയതുകൊണ്ടാണ്. അങ്ങനെ ഉള്ളവർക്ക് ഡോക്ടർമാരായ ഞങ്ങൾ കുറച്ച് കുടിച്ച് മദ്യപാനം നിർത്താൻ ശ്രമിക്കണം എന്നു പറയും.

ഇപ്പോഴുള്ള നമ്മുടെ മക്കൾ മൊബൈൽ വാട്സ് ആപ്, ഫെയ്സ് ബുക്ക് എന്നിവക്ക് അടികളായി മാറിയത് മാതാപിതാക്കൻമാരാൽ തടയാൻ കവിയാതെ അവരിൽ പലരേയും മനഃശാസ്ത്രജ്ഞന്റെ അടുത്ത് വിളിച്ചു കൊണ്ടു പോയത് നമുക്ക് നന്നായിട്ടറിയാമല്ലോ.

നാം ദൈവത്തെ ആത്മാർത്ഥമായി സ്നേഹിക്കാൻ തുടങ്ങിയാൽ ഫിലിപ്പയ ലേഖനത്തിൽ 4–ാം അദ്ധ്യായത്തിൽ പറയുന്നതുപോലെ താഴ്ചയിൽ ഇരുപ്പാനും, എനിക്കറിയാം, പട്ടിണി കിടക്കാനും ഞാൻ ശീലിച്ചിരിക്കുന്നു. എങ്ങനെ? എന്നെ ബലപ്പെടുത്തുന്ന ക്രിസ്തുവിനാലെ

ജയം പ്രാപിക്കാൻ കഴിഞ്ഞു എന്ന് പൗലോസ് പറയുന്നു.

അതുകൊണ്ട് നോഹയുടെ ലോക്ഡൗൺ കാലത്തിന് മുമ്പ് – പിൻപ് രണ്ട് അനുഭവങ്ങളും നമുക്ക് നല്ല പാഠം പഠിപ്പിച്ചു തരുന്നു.

- കൊറോണ ലോക്ഡൗൺ അവസാനിക്കാത്ത സാഹചര്യത്തിൽ എത്ര മാസങ്ങൾ വീട്ടിൽ അടഞ്ഞിരിക്കേണ്ടി വന്നാലും നാം എന്ത് കൊണ്ട് ഇങ്ങനെ? എന്നു ചോദിക്കാതെ പ്രാർത്ഥനയോടെ അനുഭവിക്കാൻ ശീലിക്കണം. ദൈവം നമ്മെയും നമ്മുടെ മക്കളേയും നമ്മുടെ കൊച്ചുമക്കളേയും തീർച്ചയായും സഹായിക്കും. ക്ഷാമകാലത്ത് കാക്കയുടെ വായിൽ അപ്പവും, ഇറച്ചിയും കൊടുത്തയച്ച ദൈവമാണ് നമ്മുടെ ദൈവം. കാക്ക മാംസം തിന്നുന്ന പറവയാണ്. അതിന്റെ ഭക്ഷിക്കാനുള്ള ആശയെ അടക്കി തന്റെ ദാസന്റെ വിശപ്പിനെ തീർത്ത ദൈവം ദൈവത്തിലാശ്രയിക്കുന്ന നമ്മെ പോഷിപ്പിക്കാതിരിക്കുമോ.

  ദേശം ക്ഷാമത്തിൽ ഇരിക്കുമ്പോൾ ദൈവത്തെ സ്നേഹിച്ച വിധവയുടെ വീട്ടിലുണ്ടായിരുന്ന, മാവും എണ്ണയും കൊണ്ട് തന്റെ ദാസനായ ഏലിയാവിനേയും പോഷിപ്പിച്ചല്ലോ. അതുപോലെ ബാങ്കിൽ ശേഖരിച്ചു വച്ച് പണമെല്ലാം തീർന്നു പോയി. ഇങ്ങനെ കൊറോണ ലോക്ഡൗൺ തുടർന്നു പോയാൽ എങ്ങനെ എന്റെ കുടുംബത്തെ നടത്തും? ജോലി ചെയ്യുന്ന കമ്പനിക്ക് കോടിക്കണക്കിന് കടമായതുകൊണ്ട് ഈ കമ്പനിയിൽ ജോലി ചെയ്യുന്ന എല്ലാവർക്കും പകുതി ശമ്പളം മാത്രമേ തരാൻ പറ്റുകയുള്ളു എന്ന അറിയിപ്പു വന്ന ഉടനെ എത്രപേർ പതറി പോയിട്ടുണ്ടാകും? എന്നാൽ ദൈവജനം തളർന്നു പോയില്ല. ആഴ്ചയിൽ രണ്ട് ദിവസം ഇറച്ചിയും, മീനും വാങ്ങി കഴിക്കുന്നത് നിർത്തി. കുടുംബമായിരുന്ന് സംസാരിച്ച് പ്രാർത്ഥിച്ച് ചിലവുകൾ കുറക്കണം. കുഞ്ഞുങ്ങളും ഇതിൽ സഹകരിക്കണം.

കൊറോണ ലോക്ഡൗൺ സമയത്ത് എന്റെ ഓഫീസിൽ ജോലിക്കു വന്ന പലരേയും ജോലിയിൽ നിന്നും പിരിച്ചു വിടേണ്ടി വന്നു. അത് ഞങ്ങളുടെ മനസ്സിന് വളരെ വേദനയായിരുന്നു. ഒത്തിരിപേർ ചേർന്ന് ചെയ്ത ഓഫീസ് ജോലികളെ സഹായത്തിന് രണ്ട് പേരെ മാത്രം ജോലിക്ക് വച്ച് കൊണ്ട് എല്ലാ ജോലികളും ഞാൻ ചെയ്തുകൊണ്ടിരിക്കുന്നു.

ജോലി ചെയ്യുന്ന രണ്ടുപേരുടേയും ടിഫിൻ ബോക്സ് എന്റെ ഭാര്യ തുറന്നു നോക്കിയപ്പോൾ ദിവസവും ചോറും, രസവും മാത്രം കൊണ്ടു വരുന്നത് കണ്ടെത്തി. ഞങ്ങളുടെ വീട്ടിൽ ഉണ്ടാക്കുന്ന കറിയും, തോരനും കൊടുത്ത് സഹായിച്ചു വരുന്നു. ചിലപ്പോൾ ഭക്ഷണവും കൊടുക്കാറുണ്ട്. അഞ്ചു പേർ ചേർന്ന് ചെയ്തു വന്ന ജോലികൾ എല്ലാം അവർ രണ്ടു പേരും പിറുപിറുക്കാതെ സാഹചര്യം മനസ്സിലാക്കി കൂടുതൽ സമയമെടുത്ത് സ്നേഹത്തോടെ ചെയ്തു വരുന്നു. ജോലിയിൽ നിന്നും പിരിച്ചു വിട്ടവർക്ക് അവരുടെ വീടുകളിലേക്ക് ആളുകളെ അയച്ച് പകുതി ശമ്പളം കൊടുത്ത് തുടർന്ന് ഞങ്ങൾ സഹായിച്ചു വരുന്നു. അവർക്ക് വേറെ ജോലി കിട്ടുന്നതുവരെ ആ സഹായം ചെയ്യുവാൻ ദൈവം ഞങ്ങളേയും അനുഗ്രഹിച്ചു കൊണ്ടിരിക്കുന്നു.

ഞങ്ങളും ഞങ്ങളുടെ ചെലവുകളെ പകുതിയായി കുറച്ച് ജീവിക്കാൻ ശീലിച്ചിരിക്കുന്നു. സാഹചര്യത്തിനനുസരിച്ച് നാം ജീവിച്ചില്ലെങ്കിൽ കിട്ടുന്ന പണത്തെ കർശനയോടെ ചെലവ് ചെയ്തില്ലെങ്കിൽ നാം എല്ലാവരും മറ്റുള്ളവരുടെ അടുത്ത് യാചിക്കേണ്ട അവസ്ഥ വരുമല്ലോ. ദൈവം ഇതുവരെ ഞങ്ങളെ അതിനനുവദിച്ചിട്ടില്ല.

അവസാനമായി ഞാൻ വായനക്കാരെ അറിയിക്കുന്നത് എന്തെന്നാൽ ഇപ്പോൾ ഉള്ള സാഹചര്യത്തെക്കാളും വരും കാലങ്ങളിൽ, ക്ഷാമവും, പട്ടിണി മരണവും, കൊലയും, കൊള്ളയും അധികമായിരിക്കും.

നോഹയെ ഓർത്തു കൊള്ളുവിൻ ലോക്ഡൗൺ കാലത്തിലുള്ള ദൈവത്തിന്റെ കരുതലിനെ ഓർത്ത് നോഹ നന്ദിയുള്ളവനായിരുന്നു. ലോക്ഡൗണിന് ശേഷം സാഹചര്യങ്ങൾ മാറിയ ഉടനെ ദൈവത്തിന്റെ നിർദ്ദേശത്തെ ലംഘിച്ചു. ജാഗ്രതയോടെ ജീവിച്ചില്ല. ഈ സാഹചര്യം നമ്മുടെ ജീവിതത്തിൽ വരാതിരിക്കാൻ ഈ വാർത്തയെ പ്രബോധനമായി എടുത്തു കൊള്ളുവിൻ.

## നന്ദിയുള്ളവരായിരിപ്പിൻ
## ജാഗ്രതയുള്ളവരായിരിപ്പിൻ

**ഒന്നിനും അടിമയാകാതെ** ശ്രദ്ധയോടെ പിറുപിറുപ്പില്ലാതെ ജീവിക്കാൻ ശീലിപ്പിൻ. എല്ലാത്തിനും ഒരു അവസാനമുണ്ട്. നിങ്ങളുടെ ദുഃഖം സന്തോഷമായ് മാറും.

ഡോ. **പുഷ്പരാജ്**

## OFFERING DETAILS

- ☐ ഈ ശുശ്രൂഷയ്ക്കുവേണ്ട കാണിക്ക അയച്ചു തന്ന് സഹായിച്ചു കൊണ്ടിരിക്കുന്ന വായനക്കാർക്ക് എല്ലാവർക്കും എന്റെ നന്ദി അറിയിക്കുന്നു. നിങ്ങൾ *NEFT* മൂലമായി എന്റെ ബാങ്ക് അക്കൗണ്ടിൽ പണം അയച്ചിരുന്നു, ചിലർ *Western Money* മൂലമായി കാണിക്ക അയച്ചു തന്നിരുന്നു.
- ☐ ബാങ്ക് മുഖാന്തിരം പണം അയക്കുമ്പോൾ എന്റെ പേര് *M G E PUSHPARAJ* എന്ന് ഓരോ ഇൻഷ്യലിനും കുത്ത് ഇടാതെ എഴുതി അയക്കുമ്പോൾ മാത്രമേ കമ്പ്യൂട്ടർ അല്ലെങ്കിൽ മൊബൈൽ പേര് സ്വീകരിക്കുകയുള്ളൂ. കുത്ത് ഇട്ടാൽ സ്വീകരിക്കുകയില്ല. അതേ സമയം ഓരോ ഇൻഷ്യലിനും *Space* വിടണം (*M G E*) ചിലർ ഇതിൽ പ്രയാസപ്പെട്ടതുകൊണ്ടാണ് ഇവിടെ എഴുതുന്നത്.
- ☐ നിങ്ങൾ അയച്ച പണത്തിന് രസീതോ, മറുപടിയോ എഴുതിഅറിയിക്കാൻ പറ്റിയില്ല. കാരണം തുടർച്ചയായി ശുശ്രൂഷയിൽ ആയിരുന്നതുകൊണ്ടാണ് ദയവായി ക്ഷമിക്കുമല്ലോ.

## WESTERN UNION & MONEY GRAM

- ☐ വിദേശ നാടുകളിൽ നിന്നും *Western Union* മൂലം പണം അയക്കുന്നവർക്ക് അല്ലെങ്കിൽ *Money Gram* മൂലം കാണിക്ക അയക്കുന്നവർക്ക് അതാതു നാടുകളുടെ ബാങ്കുകളിൽ എന്റെ ആദ്യത്തെ പേര്, നടുക്കത്തെ പേര്, അവസാനത്തെ പേര് ചോദിക്കുന്നു. അതുകൊണ്ട് എന്റെ മാതാപിതാക്കൾ തീവണ്ടി നീളത്തിന് എനിക്ക് വച്ച പേര് ഇവിടെ നിങ്ങൾക്കായി എഴുതുന്നു. ഈ പേരാണ് എന്റെ പാസ്പോർട്ടിലുള്ളത്. ഇത് നിങ്ങൾ എഴുതി വച്ചു കൊള്ളൂ. *Manickam George Edmund Pushparaj*. ഇത് നിങ്ങളുടെ ഇഷ്ടത്തിന് പിരിച്ചെഴുതിക്കൊള്ളൂ.

# ..........TRANCE..........




***TRANCE*** എന്നത് കേരളത്തിൽ റിലീസായ ഒരു മലയാള സിനിമയാണ്. 2020 മാർച്ച് മാസം മരണമടഞ്ഞ ഒരാളുടെ അനുസ്മരണയോഗത്തിന് എന്നെ വിളിച്ചിരുന്നു. അവിടെ മാർത്തോമ, സി.എസ്.ഐ., പെന്തക്കോസ്ത് സഭകളിലുള്ള അച്ചൻമാർ, പാസ്റ്റർമാർ തുടങ്ങിയ എല്ലാവരും വന്നു പങ്കെടുത്തിരുന്നു. അവിടെ ഞാൻ പ്രസംഗിച്ചതിന് ശേഷം സി.എസ്.ഐ. യിലുള്ള ഒരു അച്ചന്റെ കാറിൽ കോട്ടയം വരെ യാത്ര ചെയ്യാൻ ഇടയായി. അപ്പോൾ അച്ചൻ അവർകൾ തന്റെ ***whatsapp*** എടുത്ത് അതിൽ നിന്നും ***TRANCE*** എന്ന സിനിമ എടുത്ത് അത് കാണാൻ പറഞ്ഞു. ആ സിനിമ കഴിയാൻ ഏകദേശം രണ്ടു മണിക്കൂർ നേരം എടുക്കും, ഡോക്ടർ ഈ സിനിമ കാണേണ്ടത് അത്യാവശ്യമാണ്. ഇപ്പോൾ പെന്തക്കോസ്തു സഭയിലുള്ള (***Healing Ministry***) രോഗസൗഖ്യം നല്കുന്ന ശുശ്രൂഷകന്മാർ ചെയ്യുന്ന കാപട്യങ്ങളെ ഇതിൽ കാണാം. അതിനെക്കുറിച്ച് നിങ്ങളുടെ ജാമക്കാരനിൽ വിമർശിച്ചെഴുതാൻ നിങ്ങൾക്കിത് പ്രയോജനകരമായിരിക്കും എന്ന് പറഞ്ഞു.

അതിന്റെ കഥയുടെ ചുരുക്കം എന്തെന്നാൽ, ചില കോർപ്പറേറ്റ് കമ്പനി വ്യാപാരികൾ ചേർന്ന് ഇപ്പോൾ അധികലാഭം കിട്ടുന്ന ആപത്തില്ലാത്ത വ്യാപാരം ക്രിസ്തീയ ശുശ്രൂഷകൻമാർ നടത്തുന്ന **രോഗശാന്തി ശുശ്രൂഷയാണ്**. അതിൽ പലർ കോടിക്കണക്കിന് പണം

സ്തോത്രക്കാഴ്ചയായി വാങ്ങുന്നു. അവർ ടി.വി. യിൽ കൂടി സംപ്രേക്ഷണം ചെയ്യുന്ന പ്രാർത്ഥന വഴി പല കോടി രൂപ ബാങ്ക്, *MO* വഴിയായി വാങ്ങി അവർ താമസിക്കുന്ന വീട്ടിനരികെ വലിയ ഹാളുകൾ കല്യാണമണ്ഡപം പോലെ പണിത് അവിടെ ഓരോ ആഴ്ചയിലും രോഗശാന്തി പ്രാർത്ഥന നടത്തുന്നു. അതിന് നല്ല പരസ്യം കൊടുക്കുന്നതു കൊണ്ട് പല സ്ഥലങ്ങളിൽ നിന്നും വലിയ ആൾക്കൂട്ടം വന്നു പോകുന്നു. ആ യോഗങ്ങളിൽ പല സ്ഥലങ്ങളിലായി സ്തോത്രക്കാഴ്ച ബോക്സ് വച്ച് ഇത് ഞങ്ങൾ പല സ്ഥലങ്ങളിൽ നടത്തുന്ന രോഗശാന്തി ശുശ്രൂഷയോഗങ്ങളുടെ ചെലവിന് വേണ്ടി ഉപയോഗിക്കാനാണ് എന്നു പറഞ്ഞ് നിങ്ങളുടെ കാണിക്ക ഈ ബോക്സുകളിൽ ഇടാൻ പറയുന്നു. ആ ബോക്സുകളിൽ തിരുപ്പതി അമ്പലത്തിലെ കാണിക്ക കുടങ്ങൾ പോലെ പണം നിറഞ്ഞു കവിയുന്നു. അതുകൊണ്ട് ക്രിസ്ത്യാനികളേയും മറ്റുള്ള മതക്കാരേയും പറ്റിച്ച് പണം സമ്പാദിക്കാൻ ഇപ്രകാരമുള്ള വ്യാപാരം നമുക്കും ചെയ്യാം എന്ന് ചതി ആലോചന ചെയ്ത്, ആ ശുശ്രൂഷയെ, ഏറ്റവും ദാരിദ്രത്താൽ കഷ്ടപ്പെടുന്നവനും അതേസമയം എങ്ങനെയെങ്കിലും മുന്നേറണം എന്നു കൊതിയോടിരിക്കുന്നവനുമായ ഒരു ഹിന്ദു യൗവ്വനക്കാരന്റെ പരസ്യം ദിനപത്രത്തിൽ അവർ കണ്ട്, അവനെ തിരഞ്ഞു പിടിച്ച് അവന് പണക്കാരനാകാനുള്ള ആശ വളർത്തി തങ്ങൾ ചെയ്യാൻ പോകുന്ന കാപട്യം നിറഞ്ഞ വ്യാപാരം ചെയ്യാൻ അവനെ സമ്മതിപ്പിച്ച് അതിൽ നിന്നും കിട്ടുന്ന ലാഭത്തിൽ പപ്പാതി എന്ന് കരാർ ഉണ്ടാക്കി.

ആ ദരിദ്രനായ യൗവ്വനക്കാരനെ ഒരു എസ്റ്റേറ്റ് ബംഗ്ലാവിൽ വിളിച്ചു കൊണ്ടു പോയി, സഹോ. *DGS* ദികരനെപ്പോലെ ചില ശുശ്രൂഷകന്മാർ നടത്തുന്ന പലതരത്തിലുള്ള യോഗങ്ങളുടെ വീഡിയോകളെ വീണ്ടും വീണ്ടും കാണാൻ പ്രേരിപ്പിക്കുന്നു. ഇവരെപ്പോലെ നീയും അഭിനയിച്ചാൽ മതി ഭയപ്പെടേണ്ടതില്ല. ഞങ്ങൾ എല്ലാവരും നിന്റെ കൂടെയുണ്ട്. എന്തു പ്രശ്നം വന്നാലും ഞങ്ങൾ നോക്കിക്കൊള്ളാം എന്നു പറഞ്ഞ് പല ലക്ഷങ്ങൾ അഡ്വാൻസായി കൊടുത്ത് ആദ്യം വീടിന്റെ കടങ്ങൾ അടച്ചിട്ട് വാ, നമുക്ക് ശുശ്രൂഷ ആരംഭിക്കാം എന്നു പറഞ്ഞ ഉടൻ ആ ദരിദ്രനായ യൗവ്വനക്കാരൻ

സമ്മതിക്കുന്നു. അതിനെക്കാൾ ഉപരിയായി ചില പ്രത്യേക പരിശീലനങ്ങൾ അവന് പറഞ്ഞു കൊടുക്കാൻ പരിചയസമ്പന്നനായ ഒരുവനെ ഏർപ്പാട് ചെയ്യുന്നു. അവന് **അന്യഭാഷ** പറയാൻ പഠിപ്പിച്ചു കൊടുക്കുന്നു. ഹല്ലേലുയ എന്ന വാക്കിനെ പ്രസംഗത്തിനിടയിൽ എങ്ങനെ പറയണം? അതോടുകൂടെ ഹല്ലേലുയാ എന്ന വാക്ക് ശബ്ദത്തിൽ പറയാൻ ജനങ്ങളെ ആഹ്വാനം ചെയ്യുന്നത്, – അഗ്നി (തീ) ***FIRE FIRE*** എന്ന് ഉച്ചത്തിൽ പറയാനും, തീ ഇറങ്ങുന്നത് ഞാൻ കാണുന്നു എന്നു പറയാനും അഭ്യസിപ്പിക്കുന്നു. ഊതുമ്പോൾ വീഴുന്നത്, കോട്ടഴിച്ച് ജനങ്ങളുടെ നേരെ വീശുമ്പോൾ ജനങ്ങൾ ബോധം കെട്ടു വീഴുന്നത് ഇങ്ങനെ, തുടങ്ങിവയെല്ലാം അഭ്യസിപ്പിക്കുന്നു. അവസാനം പ്രാർത്ഥനയിൽ **ജനങ്ങളുടെ പേര് വിളിക്കുന്നത്** അവരുടെ **രോഗങ്ങളെയും, പ്രശ്നങ്ങളെയും കുറിച്ച് പറയുന്നത്**. അവരെ സ്റ്റേജിൽ വിളിച്ച് സാക്ഷ്യം പറയിപ്പിക്കുന്നത്. മുതലായ എല്ലാ പരിശീലനങ്ങളും കൊടുത്ത് ഒരു പ്രത്യേക ദിവസം ആ ചിത്രത്തിലെ (സിനിമ) വില്ലന്റെ മുമ്പാകെ അഭിനയിച്ച് കാണിക്കാൻ  ഏർപ്പാട് ചെയ്യുന്നു. അവനും നന്നായി അഭിനയിക്കുന്നു.

ഒരു പൊതുയോഗത്തെ ഏർപ്പാട് ചെയ്ത് ഇപ്പോഴുള്ള ശുശ്രൂഷകന്മാർ പരസ്യം ചെയ്യുന്നതുപോലെ വലിയ വലിയ ഫ്ളക്സ് ബോർഡ്, വാൾ പോസ്റ്റ് തുടങ്ങിയവയിൽ ഈ നടന്റെ ഫോട്ടോയും പുറത്തു വിട്ട് അരങ്ങേറ്റമായി ഒരു യോഗത്തിൽ സംസാരിക്കാൻ അവസരം കൊടുക്കുന്നു. എന്നാൽ ഇവർ പ്രതീക്ഷിച്ച ആൾക്കൂട്ടം അന്നു വന്നില്ല. അന്നുരാത്രി അവർ ഒന്നുചേർന്ന് കള്ളസാക്ഷ്യങ്ങൾ പറയാൻ ആളുകളെ പണം കൊടുത്ത് ജനക്കൂട്ടത്തിന്റെ നടുവിൽ അവരെ ഇരുത്തുന്നു.

പ്രസംഗത്തിനായി ചില പ്രത്യേക വചനങ്ങളെ മനഃപാഠം പഠിച്ച് ആ യോഗത്തിലെ പ്രസംഗത്തിൽ നിഷ്പ്രയാസമായി പറഞ്ഞ് ആശ്വസിപ്പിച്ചുകൊണ്ട് പ്രസംഗിക്കുന്നു. ജനങ്ങൾ ആകൃഷ്ടരാകുന്നു. അവസാനം നേരത്തെ എഴുതിക്കൊടുത്ത വ്യക്തികളുടെ പേരുകൾ ദൈവം കാണിക്കുന്നു എന്നു പറഞ്ഞ് പ്രാർത്ഥനയിൽ അവരുടെ പേർ വിളിക്കുന്നു.

അവരുടെ രോഗങ്ങൾ എന്തൊക്കെയാണെന്ന് പറഞ്ഞ് അവരെ സ്റ്റേജിലേക്ക് വിളിക്കുന്നു.

അദ്ദേഹത്തിന്റെ പ്രവചനം പോലെ പേര് വിളിച്ച വ്യക്തികൾ ആണും, പെണ്ണുമായി സ്റ്റേജിൽ വന്ന് എന്റെ പേരാണ് വിളിച്ചത് ഇപ്പോൾ ആറ് മാസമായി ഉണ്ടായിരുന്ന നടുവേദന മാറിപ്പോയി എന്നു പറയുമ്പോൾ കൂടിയിരുന്ന ജനങ്ങളെല്ലാം ഹല്ലേലുയ്യാ, എന്ന് ഉച്ചത്തിൽ കൈകൊട്ടി ആർത്ത് വലിയ ആവേശം ജനങ്ങൾക്കിടയിൽ ഉണ്ടാക്കുന്നു. ഈ കാഴ്ചകൾ സ്റ്റേജിൽ കണ്ടതിന് ശേഷം അടുത്ത ദിവസം മൈതാനം മുഴുവനും ആൾക്കൂട്ടം നിറഞ്ഞു കവിയുന്നു.

അവസാനം പ്രാർത്ഥിച്ച എണ്ണ വാങ്ങി വീട്ടിലുള്ള രോഗികളുടെ മേൽ പൂശിയാൽ സൗഖ്യം ഉടനെ ലഭിക്കുമെന്ന് പരസ്യം ചെയ്തപ്പോൾ എണ്ണ കുപ്പികൾ ആദ്യദിവസത്തെ യോഗത്തിൽ തന്നെ മുഴുവനും വിറ്റു തീരുന്നു. ഇങ്ങനെ പോകുന്നു ഈ സിനിമാ കഥ, പണം കുമിയുന്നു. കഥാനായകൻ ഇപ്പോൾ വിലയേറിയ കാറിൽ യാത്ര ചെയ്യുന്നു. സ്വന്തമായി ബംഗ്ലാവുകളും, എസ്റ്റേറ്റുകളും വിലകൊടുത്ത് വാങ്ങുന്നു. അവന്റെ ജനപ്രീതി വിദേശരാജ്യങ്ങലിലേക്കും പരന്നതുകൊണ്ട് പല രാജ്യങ്ങളിലേക്ക് വിദേശയാത്ര ചെയ്യുന്നു. സ്വന്തമായി വിമാനം വാങ്ങാൻ വരെ കഴിവുള്ള വലിയ പണക്കാരനായി അവൻ മാറി.

ഇവനെ പരിശീലിപ്പിച്ച കോർപ്പറേറ്റ് വ്യാപാരികൾ യോഗങ്ങളുടെ സ്തോത്രക്കാഴ്ചകളിൽ കള്ളപണം കലർത്തി അത് വെള്ള പണമാക്കി മാറ്റി വിദേശ ബാങ്കുകളിൽ നിക്ഷേപിക്കുന്നു. അവസാനം, ഒരു പാവപ്പെട്ട മനുഷ്യൻ കഥാനായകനെ യഥാർത്ഥ ദൈവ മനുഷ്യനായി കരുതുന്നു. അവൻ ആ കഥാനായകന്റെ ആരാധകനായി മാറുന്നു.

ഒരു ദിവസം ആ പാവപ്പെട്ടവന്റെ ഒരേ ഒരു മകൾ രോഗിയായി മരണക്കിടക്കയിൽ കിടക്കുന്നു. ആ കുടുംബത്തിലുള്ളവരെല്ലാവരും ആശുപത്രിയിലേക്ക് കൊണ്ടു പോകാം എന്നു പറയുന്നു. എന്നാൽ ആ

പിതാവോ ആ ബ്രദർ പ്രാർത്ഥിച്ചു കൊടുത്ത എണ്ണ എന്റെ മകളെ സൗഖ്യമാക്കും ഇത് യേശുവിൻ രക്തം എന്ന് വീണ്ടും വീണ്ടും പറഞ്ഞ് എണ്ണ വാങ്ങി മകളുടെ മേൽ പൂശിയപ്പോഴും സൗഖ്യം കിട്ടാതെ അവൾ മരിച്ചു പോയി. ഉടൻ തന്നെ അവളെ ഈ കഥാനായകൻ നടത്തുന്ന യോഗത്തിലേക്ക് എടുത്തു കൊണ്ടു പോയി ഉറക്കെ ബ്രദർ എന്റെ മകളെ രക്ഷിക്കൂ എന്ന് നിലവിളിച്ചു. അവൻ ബ്രദർ താമസിക്കുന്ന ബംഗ്ലാവിൽ പോയി ബ്രദറെ കാണണം എന്നു യാചിച്ചു. അപ്പോൾ ആ കഥാനായകൻ ബംഗ്ലാവിന്റെ മുറിയിൽ നിന്നും ജനൽ വഴിയായി ഈ കാഴ്ച കാണുന്നുണ്ടായിരുന്നു. ഇവിടെയാണ് കഥയും ക്ലൈമാക്സ് തുടങ്ങുന്നത്. ഈ പാവപ്പെട്ട മനുഷ്യൻ മുടങ്ങാതെ എല്ലാ യോഗങ്ങളിലും പങ്കെടുക്കുന്നത് പലപ്രാവശ്യം ഈ കഥാനായകൻ കണ്ടിട്ടുണ്ട്. അവൻ എന്നെ വിശ്വസിച്ച് ആശുപത്രിയിൽ കൂടി തന്റെ മകളെ കൊണ്ടുപോകാതെ എന്റെ കയ്യിൽ നിന്നും എണ്ണ വാങ്ങി വഞ്ചിക്കപ്പെട്ടു പോയല്ലോ! ഞാൻ കാരണമാണല്ലോ അവന്റെ മകൾ മരിച്ചു പോയത് എന്നു പറഞ്ഞ് മാനസാന്തരപ്പെടുന്നു. പിന്നീട് അവൻ ഈ കാപട്യം നിറഞ്ഞ ശുശ്രൂഷ ചെയ്യാൻ തുനിഞ്ഞില്ല. ഇത് അറിഞ്ഞ ആ കോർപ്പറേറ്റ് വ്യാപാരികൾ അവനെ രഹസ്യമായി കൊല്ലാൻ പദ്ധതിയിടുന്നു.

ഇതറിഞ്ഞ കഥാനായകൻ ടി.വി. ചാനൽ റിപ്പോർട്ടേഴ്സിനെയും പത്രക്കാരെയും വിളിച്ച് സത്യം പറയുന്നു. ഞാൻ പറഞ്ഞ അന്യഭാഷ കള്ളമാണ്, ഞാൻ പറഞ്ഞ പ്രവചനം വ്യാജമാണ് എന്നു പറഞ്ഞ് താൻ ആരാണെന്നും എങ്ങനെ ഈ കോർപ്പറേറ്റ് വ്യാപാരികളുടെ കൈയ്യിൽ കുടുങ്ങി എന്നതും വിശദമായി അറിയിക്കുന്നു. മകളെ നഷ്ടപ്പെട്ട അവന്റെ ആരാധകൻ ഈ കഥാനായകനെ കൊല്ലാൻ വരുന്നു. എന്നാൽ അവൻ തന്റെ തെറ്റുകളിൽ നിന്നും മാനസാന്തരപ്പെട്ടതിനെക്കുറിച്ച് പറയുകയും ആ പാവപ്പെട്ട മനുഷ്യൻ എന്നെ പൂർണ്ണമായും വിശ്വസിച്ചതുകൊണ്ടാണ് അവന്റെ മകൾ മരിച്ചതെന്ന് താൻ പറഞ്ഞത് ടി.വി. യിലൂടെ കേട്ട ഉടനെ ആ കഥാനായകനെ കള്ളശുശ്രൂഷ ചെയ്യിപ്പിച്ച ആ വ്യാപാരികളെ ഈ പാവപ്പെട്ട

മനുഷ്യൻ കൊന്നു കളയുന്നു.

ഇതാണ് ***TRANCE*** എന്ന സിനിമയുടെ കഥ. ഇത് ജാമക്കാരൻ എഴുതാനുള്ള കാരണം ആ സിനിമയിൽ കാണിച്ചിരിക്കുന്ന കപട ശുശ്രൂഷകൾ എല്ലാം ഇപ്പോഴും നടന്നു കൊണ്ടിരിക്കുന്നു. നമ്മുടെ ക്രിസ്തീയ രോഗശാന്തി ശുശ്രൂഷകന്മാരുടെ കാപട്യങ്ങളെ ഇവർ നന്നായി മനസിലാക്കിയതുകൊണ്ടാണ് ഇത് നല്ല വ്യാപാരം, വളരെ വേഗം പണം സമ്പാദിക്കാം എന്ന ചിന്ത ഇവർക്ക് വന്നത്. ഇതിനെക്കുറിച്ച് ഞാൻ എന്റെ വായനക്കാർക്ക് പ്രത്യേക ആലോചന പറയാൻ വേണ്ടിയാണ് ഈ സിനിമകഥയുടെ ചുരുക്കത്തെ ഇവിടെ എഴുതിയത്. ഇതിലൂടെ ഞാൻ അറിയിക്കാൻ ആഗ്രഹിച്ച സത്യം എന്തെന്നാൽ മുകളിൽ നാം വായിച്ച സിനിമാക്കഥ പോലെ ഇന്ന് നമ്മുടെ നാട്ടിൽ പല കള്ള ശുശ്രൂഷകൻമാർ എഴുന്നേറ്റിട്ടുള്ളത് ടി.വി. ചാനലിൽ കാണാം. മാനസാന്തര അനുഭവമില്ലാത്തവരെ കൊണ്ടും വേദവചനത്തെക്കുറിച്ചുള്ള ആഴമായ അറിവില്ലാത്തവരെ കൊണ്ടും ഇങ്ങനെയുള്ള കള്ളശുശ്രൂഷകൻമാരെ തിരിച്ചറിയാൻ കഴിയില്ല.

## എന്നെക്കുറിച്ച്

ഈ സമയത്ത് ആദ്യം എന്നെപ്പറ്റിയും, എന്റെ അനുഭവത്തെപ്പറ്റിയും പറയേണ്ടത് ആവശ്യമാണ്. ഞാൻ രക്ഷിക്കപ്പെട്ട് ശുശ്രൂഷ തുടങ്ങിയത് 1964–ാം വർഷത്തിലാണ്. അതിന് ശേഷം ആ വർഷത്തിൽ തന്നെ **ബങ്കാരപേട്ട** ***SIBC (SOUTH INDIA BIBLE CEMINARY)*** –ൽ കുറച്ച് കാലം ***BTH*** പഠനം കഴിഞ്ഞ് **വീണ്ടും ഡാനിഷ് പേട്ട** (തമിഴ്നാട്) **ബഥേൽ ഹോസ്പിറ്റലിൽ** ഡോക്ടർ ആയി ജോലി ചെയ്തു കൊണ്ട് കൊച്ചുകുട്ടികൾ, യൗവ്വനക്കാർ തുടങ്ങിയവരുടെ ഇടയിൽ ശുശ്രൂഷ ചെയ്തു വന്നു.

***FEBA*** റേഡിയോയിൽ **(ശ്രീലങ്ക)** ***BACK TO THE BIBLE BROAD CAST*** സ്ഥാപനക്കാർ ഒരോ ആഴ്ചയിലും നടത്തിയ റേഡിയോ പരിപാടി മുഖാന്തരം

ഞാൻ ബൈബിൾ പഠനം നടത്തിയിരുന്നു. അന്നത്തെ കാലത്ത് ടി.വി.യോ, മൊബൈലോ ഉണ്ടായിരുന്നില്ല. ഇന്ത്യയിലും, ലോകമെമ്പാടുമുള്ള ക്രിസ്ത്യാനികൾ, അച്ചൻമാർ, ബിഷപ്പുമാർ റേഡിയോ വഴി എന്റെ പ്രസംഗം കേട്ട് എന്നെ അവരവരുടെ സഭാ കൺവെൻഷനിൽ പ്രസംഗിക്കാൻ വിളിച്ചതിന് ശേഷം ഞാൻ പ്രസിദ്ധനായി. ഇന്ത്യയിലുള്ള എല്ലാ സംസ്ഥാനങ്ങളിലും, ലോകമെമ്പാടുമുള്ള സഭകളെ വചനത്തിൽ നടത്താൻ കൺവൻഷൻ പ്രാസംഗികനായി ദൈവം എന്നെ ഉപയോഗിച്ചു.

1969–ാം വർഷം ദൈവം എനിക്ക് **രണ്ട് കൃപാവരങ്ങൾ** നല്കി.

1. ***FACE READING*** ഒരുവന്റെ മുഖം കണ്ടാൽ അവന്റെ സ്വഭാവ ഗുണങ്ങളെക്കുറിച്ചും, അവൻ സത്യസന്ധനാണോ, തെറ്റ് ചെയ്തവനാണോ, കള്ളം പറയുന്നവനാണോ എന്ന് ഏകദേശം(***Approximately***) എനിക്ക് അറിയാൻ കഴിയും (1 കൊരി. 12:10).... **മറ്റൊരുവന് ആത്മാക്കളുടെ വിവേചനം നല്കപ്പെടുന്നു.**
2. ***DISERNING SPIRIT (ABILITY TO DISTINGUISH)*** ആത്മാക്കളെ വിവേചിക്കുന്ന വരം (***Gift***) അഥവാ കൃപകൾ ഇതെല്ലാം എനിക്ക് ദാനമായി ലഭിച്ചതാണ്.

## ഒരു ശുശ്രൂഷകൻ ഏതുവിധത്തിലുള്ള ആത്മാവിലാണ് സംസാരിക്കുന്നത്

1. പരിശുദ്ധാത്മാവ്
2. പിശാചിന്റെ ആത്മാവ്
3. മനുഷ്യന്റെ ആത്മാവ്

ഒരു ശുശ്രൂഷകൻ അഥവാ ഒരു വിശ്വാസി ഏത് ആത്മാവിലാണ് സംസാരിക്കുന്നത്, ഏത് ആത്മാവിലാണ് പ്രസംഗിക്കുന്നത്, ഏത് ആത്മാവിലാണ് അവൻ അത്ഭുതം ചെയ്യുന്നത് എന്നുള്ളതിനെ അറിയാനുള്ള

കൃപ കർത്താവെനിക്ക് തന്നിട്ടുണ്ട്. ദൈവം തന്ന കൃപ മൂലമായി പല ശുശ്രൂഷകൻമാരെയും, വിശ്വാസികളെയും പറ്റിയുള്ള വിവരങ്ങൾ അറിയാൻ കഴിഞ്ഞു. **വരം ലഭിച്ച ശുശ്രൂഷകൻമാർ** എന്ന് പറയുന്ന **വ്യക്തികളുടെ പ്രസംഗവും, അവർ ചെയ്യുന്ന പ്രാർത്ഥനയും, അവരുടെ വ്യക്തിപരമായ ജീവിതവും ഞാൻ** വളരെ സൂക്ഷ്മമായി ശ്രദ്ധിച്ചു. എന്നാൽ ഞാൻ അറിഞ്ഞതും, അനുഭവിച്ചതും ആരോടും പറഞ്ഞിട്ടില്ല. ഏകദേശം മൂന്നു വർഷം ആ വ്യക്തികളെ ശ്രദ്ധിച്ച് അവരെക്കുറിച്ച് ദൈവാത്മാവ് എനിക്ക് ഓർമ്മപ്പെടുത്തിയ വിഷയങ്ങളെ വച്ച് അവർ എങ്ങനെയുള്ളവരാണെന്ന് ഉറപ്പിച്ചു. അതിനുശേഷം ഞാൻ ഉറപ്പാക്കിയ ആ വിവരങ്ങളെ പ്രാർത്ഥനയോടെ ദൈവത്തോടറിയിച്ചു.

അതിനുശേഷമാണ് ഞാൻ **ജാമക്കാരൻ (കാവൽക്കാരൻ)** എന്ന മാസികയെ ഇന്ത്യ ഗവൺമെന്റിന്റെ നിയമപ്രകാരം വാർത്താ പത്രികയായി ശരിയായ രീതിയിൽ രജിസ്റ്റർ ചെയ്ത് അത് **എന്റെ വായനക്കാർക്കായി മാത്രം** സ്വകാര്യ സർക്കുലേഷനായി പുറത്തിറക്കിയത്.

## ഈ വായനക്കാർ ആരാണ്?

ഇവർ ഞാൻ പ്രസംഗിക്കുന്ന കൺവൻഷനുകളിൽ മാനസാന്തരപ്പെട്ട് ദൈവത്തിന് തങ്ങളെ തന്നെ സമർപ്പിച്ചവരാണ്. കൺവെൻഷൻ കഴിഞ്ഞ് ഞാൻ എന്റെ സ്വദേശത്തേക്ക് മടങ്ങിയതിന് ശേഷം ഇങ്ങനെ യോഗങ്ങളിൽ പങ്കെടുത്ത് തങ്ങളെ ദൈവത്തിന് സമർപ്പിച്ചവർ ഏകദേശം നൂറുകണക്കിന് കത്തുകൾ മൂലം ബൈബിളിൽ ഉള്ള സംശയങ്ങൾ എഴുതി ചോദിക്കാറുണ്ട്. അങ്ങനെ അവർക്ക് മറുപടി പറയുമ്പോഴാണ് എനിക്ക് പല പ്രശ്നങ്ങൾ ഉണ്ടായത്.

അവർ തങ്ങളുടെ സഭയെക്കുറിച്ചും തങ്ങളുടെ സഭയുടെ ഉപദേശങ്ങളെക്കുറിച്ചും ചോദിക്കും. ചിലർ അവർ സ്നേഹിക്കുന്ന, വരം പ്രാപിച്ച ശുശ്രൂഷകരുടെ പ്രവർത്തികളെക്കുറിച്ച് "അത് വചനത്തിന്

ഒത്തുപോകുമോ? അവർ പറയുന്ന ഉപദേശം ശരിയാണോ? അവർ ചെയ്യുന്ന അത്ഭുതങ്ങൾ വചനാടിസ്ഥാനത്തിലുള്ളതാണോ?" എന്നു ചോദിക്കും.

വേറെ ചിലർ തങ്ങൾ പങ്കെടുക്കുന്ന സഭയുടെ പാസ്റ്ററെക്കുറിച്ചു ചോദിക്കും. വേറെ ചിലർ തങ്ങളുടെ സഭാ ബിഷപ്പുമാരെക്കുറിച്ചും അവരുടെ തെറ്റായ പ്രവർത്തികളെ കുറിച്ചും ചോദിക്കും. ഇങ്ങനെ പല നിർണ്ണായക ചോദ്യങ്ങൾ ചോദിക്കും. അവർക്ക് ഞാൻ വിശദമായി മറുപടി കൊടുക്കുമ്പോൾ പല ശുശ്രൂഷകൻമാരും ബാധിക്കപ്പെടുന്നു. പല ബിഷപ്പുമാർക്ക് അധഃപതനം ഉണ്ടാകുന്നു. അതുകൊണ്ട് എല്ലാവരും എന്നെ വെറുക്കാൻ തുടങ്ങി. ഇങ്ങനെയാണ് എന്റെ മാസികയായ ജാമക്കാരൻ മുഖാന്തരം ഭൂരിപക്ഷം ശുശ്രൂഷകൻമാർ, ബിഷപ്പുമാർ, മോഡറെറ്റർമാർ എന്നെ വെറുക്കാൻ ഇടയായത്.

അതുപോലെ വായനക്കാർ ചോദിച്ച ചോദ്യങ്ങൾക്ക് പറഞ്ഞ മറുപടിയിൽ പ്രധാനമായത് പരിശുദ്ധാത്മാവും, അന്യഭാഷയും, പ്രവചനങ്ങളും തുടങ്ങിയവയാണ്.

അങ്ങനെ ഞാൻ ജാമക്കാരനിൽ ആദ്യമായി വിമർശിച്ചെഴുതിയത് സഹോ. ***DGS*** ദിനകരൻ അവർകളെയാണ്. ഇദ്ദേഹം ഞാൻ സ്നേഹിക്കുന്ന നല്ല ശുശ്രൂഷകനും, എന്റെ അടുത്ത സുഹൃത്തുമാണ്.

മുകളിൽ എഴുതിയ ***TRANCE*** സിനിമ ഞാൻ വിമർശിച്ച് എഴുതാനുള്ള കാരണം സഹോ. ***DGS*** ദിനകരൻ ആണ്. സഹോ. ദിനകരൻ അവർകളുടെ ആരംഭകാല ശുശ്രൂഷ വളരെ സത്യസന്ധമായതും പ്രത്യേകതയുള്ളതുമായിരുന്നു. ഇദ്ദേഹത്തിന്റെ യോഗങ്ങൾ മൂലം യേശുവിനെ സ്വീകരിച്ച് മാനസാന്തരപ്പെട്ടവർ വളരെ അധികമാണ്. ഇന്നും ഇദ്ദേഹത്തിന്റെ പ്രസംഗം മൂലമായി രക്ഷിക്കപ്പെട്ട് വലിയ പ്രാസംഗികൻമാരായും, അച്ചൻമാരായും, ശുശ്രൂഷ ചെയ്തു കൊണ്ടിരിക്കുന്നവർ ധാരാളമുണ്ട്. അദ്ദേഹത്തിന്റെ തെറ്റായ ഉപദേശമായ

പ്രാർത്ഥനയിൽ പേർ വിളിക്കുന്നതും രോഗത്തിന്റെ പേർ വിളിച്ചു പറയുന്നതും ജനങ്ങളെ വളരെ ആകർഷിച്ചു. ഇങ്ങനെയാണ് അദ്ദേഹം വചനത്തിന് വിരോധമായി വഴി മാറി പോയത്. അദ്ദേഹം പവർ മിനിസ്ട്രി എന്ന പേരിൽ 15 ദിവസത്തെ ട്രെയിനിംഗ് ആരംഭിച്ചു. അതിൽ കേരളത്തിലുള്ള ശുശ്രൂഷകൻമാരും ഇന്ത്യയിലുള്ള പല സംസ്ഥാനങ്ങളിൽ നിന്നുള്ള ശുശ്രൂഷകൻമാരും പങ്കെടുത്തിരുന്നു. ഇതിൽ പങ്കെടുത്ത ശുശ്രൂഷകൻമാർ എല്ലാവരും സഹോദരൻ ദിനകരൻ പറയുന്നതുപോലെ പ്രാർത്ഥനയിൽ പേരുവിളിക്കാനും രോഗത്തിന്റെ പേർ വിളിക്കാനും തുടങ്ങി. സ്വർഗ്ഗീയ ദർശനങ്ങൾ ദിനംതോറും കാണുന്നതായും വ്യാജപ്രചാരണം നടത്തി. ഇന്ന് കേരളത്തിൽ സംപ്രേക്ഷണം ചെയ്യുന്ന നാല് പ്രധാന ക്രിസ്തീയ ചാനലുകളിലും ഇങ്ങനെയുള്ള വ്യാജ പ്രവചനങ്ങളെയും, പേർ വിളികളേയും നിങ്ങൾക്ക് കാണാൻ സാധിക്കും. തീ നാളം ഇപ്പോൾ ഇറങ്ങുന്നു എന്നു പറയും, ദൈവത്തിന്റെ ശക്തി ഇപ്പോൾ നിങ്ങളുടെ മേൽ വ്യാപരിക്കുന്നത് കാണുന്നു, യേശുക്രിസ്തു തൊട്ടടുത്തിരുന്നു കൊണ്ടാണ് ഈ വിഷയങ്ങളെല്ലാം എന്നോട് പറയുന്നത് എന്നു പറയുന്നു.

ഇന്ന് കേരളത്തിൽ വളരെ പ്രാബല്യത്തിലുള്ള ധ്യാനകേന്ദ്രമായ പോട്ടയിലുള്ള കത്തോലിക്കാ ഫാദർമാർ നടത്തുന്ന ടി.വി. ചാനലുകളിലും, ധ്യാനകേന്ദ്രത്തിലും ഇതുപോലുള്ള വ്യാജ അന്യഭാഷകളേയും വ്യാജപ്രവചനങ്ങളേയും നിങ്ങൾക്ക് കാണാൻ കഴിയും. ഇങ്ങനെയുള്ളവരുടെ പ്രസംഗം കേൾക്കാൻ പ്രയോജനമുള്ളതായും, ആകർഷണീയമായും കാണപ്പെടുന്നു. ഒരുവന്റെ പ്രസംഗത്തെ വച്ച് അദ്ദേഹത്തിന്റെ പ്രവർത്തികളെ വിലയിരുത്താൻ പാടില്ല. പ്രസംഗിക്കാനുള്ള സാമർത്ഥ്യവും, താലന്തും ഉണ്ടായാൽ മതി പിശാചും നന്നായി പ്രസംഗിക്കും, അത്ഭുതങ്ങളും പ്രവർത്തിക്കും. യേശുക്രിസ്തുവിനെ നീ ദൈവത്തിന്റെ പുത്രനെന്ന് വിളിച്ചു പറയുകയും ചെയ്യും. ഇങ്ങനെയുള്ള അത്ഭുതങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങൾ വഞ്ചിക്കപ്പെടുന്നു. ഹൈന്ദവ മതത്തിൽ, പല ബാബകളും, സാധുക്കളും അത്ഭുതങ്ങൾ ചെയ്യുന്നുണ്ട്. പക്ഷെ ക്രിസ്ത്യാനികൾ

വചനത്തിന്റെ അടിസ്ഥാനത്തിൽ ഇവരെ വിവേചിച്ച് അറിയേണ്ടത് വളരെ ആവശ്യമാണ്. വചനമാണ് നമുക്ക് പ്രധാനം, വചനത്തിന്റെ അടിസ്ഥാനത്തിൽ ഇല്ലാത്തതൊന്നും നാം വിശ്വസിക്കാൻ പാടില്ല. ഇത് യേശുക്രിസ്തുവിന്റെ രണ്ടാം വരവിന്റെ അന്ത്യഘട്ടമാണ്. നാം വളരെ ജാഗ്രതയോടെ ദൈവവേലക്കാരെ വിവേചിച്ചറിഞ്ഞിരിക്കണം. ഇങ്ങനെയുള്ള ദൈവവേലക്കാർക്ക് പണം വർദ്ധിക്കുന്നതുകൊണ്ട് അവർ ആത്മീമ വ്യാപാരികളായി മാറുന്നു. സഹോദരൻ ദിനകരനും, മറ്റുള്ള ദൈവവേലക്കാരും അവരുടെ ആരംഭകാല ദൈവവേലകൾ വചനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. പണം വർദ്ധിച്ചശേഷം അവർ ആത്മീയ വ്യാപാരികളായി മാറി. എഞ്ചിനീയറിംഗ് കോളേജുകളും, മെഡിക്കൽ കോളേജുകളും ഉണ്ടാക്കി പണം വർദ്ധിപ്പിക്കാനുള്ള വഴിയുണ്ടാക്കി..

എന്റെ ജീവിതത്തിലും ഞാൻ 164 വിദേശരാജ്യങ്ങളിൽ ദൈവവേല നടത്തി വന്നവനാണ്. പല ദേശങ്ങളിൽ എന്നെ കൺവെൻഷനുവേണ്ടി ക്ഷണിച്ചവർ ഇന്ത്യയിൽ അനാഥമന്ദിരം തുടങ്ങാനും, വൃദ്ധമന്ദിരം തുടങ്ങാനും പള്ളികൾ പണിയാനും തുടർന്നു ഞങ്ങൾ പണം അയച്ചു കൊണ്ടേ ഇരിക്കുമെന്ന് എന്നെ ഉത്സാഹപ്പെടുത്തി. പക്ഷെ എന്റെ ആത്മീയ ജീവിതം വചനത്തിന്റെ അടിസ്ഥാനത്തിൽ തുടങ്ങിയതു കൊണ്ട് പരിശുദ്ധാത്മാവ് എന്നെ ജാഗ്രതയോടെ ഇരിക്കാൻ പ്രേരിപ്പിച്ചു. ദൈവവേലയിൽ എന്റെ വിളിയെക്കുറിച്ചും, ആ ദൈവവേലയുടെ അതിർ മനസിലാക്കാനും ദൈവം എന്നെ പഠിപ്പിച്ചു. അതു ഞാൻ നന്നായി മനസ്സിലാക്കിയിട്ടുണ്ട്. അതിരുകടന്ന് പ്രവർത്തിക്കാൻ ഇഷ്ടപ്പെടുന്നില്ല. പണം എനിക്ക് നിറഞ്ഞു കവിഞ്ഞാൽ എന്റെ സ്വഭാവം മാറും ഞാനും മനുഷ്യനാണ്, ഞാനും ബലഹീനനായ പാത്രമാണ്. എന്റെ വേലയുടെ ആവശ്യത്തിന് ഉപരിയായി പണം വന്നു ചേർന്നാൽ ദൈവത്തിനും എനിക്കും അകൽച്ചയുണ്ടാകും. എന്റെ ആത്മാവും നഷ്ടപ്പെടും. ശലോമോൻ ദൈവത്തോട് ചോദിച്ചതുപോലെ കർത്താവേ എന്നെ പണക്കാരനും

ആക്കേണ്ട, ദരിദ്രനും ആക്കേണ്ട നിത്യവൃത്തി തന്ന് എന്നെ പോഷിപ്പിച്ചാൽ മതി. ഈ പ്രാർത്ഥനയെ എല്ലാ ദിവസവും എന്റെ രഹസ്യ പ്രാർത്ഥനയിലും, കുടുംബപ്രാർത്ഥനയിലും ദൈവത്തോട് കെഞ്ചി പ്രാർത്ഥിക്കുന്നു. അതുകൊണ്ടാണ് ഈ 45 വർഷ ദൈവവേലയിൽ, പണവിഷയത്തിൽ ആരും എന്നെ കുറ്റം പറയാത്ത വിധത്തിൽ ജീവിക്കുന്നതുകൊണ്ട് പ്രാർത്ഥനയിൽ ഏകാഗ്രത നഷ്ടപ്പെടാതെ, ദൈവമെന്നെ നടത്തുന്നത്. എബ്രാ. 13:5 –ൽ പറയുന്നതുപോലെ നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ. ഉള്ളതു കൊണ്ട് തൃപ്തിപ്പെടുവിൻ. ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല. ഈ വചനമാണ് എന്നെ ധൈര്യപ്പെടുത്തുന്നത്.

കഴിഞ്ഞ 80 വർഷങ്ങളായി ഒരേ വീട്ടിൽ (165 വർഷം പഴക്കമുള്ള വീട്) ഞാൻ കുടുംബമായി താമസിച്ചു വരുന്നു. 42–വർഷങ്ങളായി ഉപയോഗിച്ചു വരുന്ന അതേ ബുള്ളറ്റ് (റോയൽ എൻഫീൽഡ്) ഇപ്പോഴും ഞാൻ ഉപയോഗിക്കുന്നു. കുടുംബമായി ആരാധനക്ക് പോകാൻ നാനോ എന്ന തവളമാതിരിയുള്ള കൊച്ചുകാറാണ് ഞാൻ ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള എന്റെ ജീവിതം എനിക്കും എന്റെ കുടുംബത്തിനും വളരെ സന്തോഷവും സമാധാനവും നല്കുന്നു. ദൈവത്തിന് സ്തുതി.


## ONLINE BANKING (NEFT)

**Dr MGE PUSHPARAJ**, **SALEM - 636 005. INDIA**

**STATE BANK OF INDIA** (SALEM-1970)

**A/C No: 10764116842** SWIFT CODE - SBININBB637- 10764116842
IFSC CODE - IFSC SBIN0001970 -10764116842

**CANARA BANK - SALEM** (SURAMANGALAM BRANCH)

**A/C No: 1219101013622.** SWIFT CODE - CNRBINBBSLM -1219101013622.
IFSC CODE - IFSC CNRB0001219- 1219101013622.

# TRIBAL MISSION
## പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു

**TRIBAL MISSION** പുതിയ ഭരണസമിതിയെയും പ്രസിഡന്റിനേയും തിരഞ്ഞെടുക്കുന്ന ജനറൽ ബോഡി മീറ്റിംഗ് നേരത്തെ അറിയിച്ച പ്രകാരം 2020 ജൂലൈ 25–ാം തീയതി ശനിയാഴ്ച അനുഗ്രഹമായി നടന്നു.

ആദ്യം **TRIBAL MISSION ജനറൽ സെക്രട്ടറി** അവർകൾ സ്വാഗതം അറിയിച്ചു. കഴിഞ്ഞ വർഷത്തെ **പ്രവർത്തന വിവരങ്ങളും, ഓഡിറ്റർ റിപ്പോർട്ടും** വായിച്ച് അത് ജനറൽ ബോഡി അംഗങ്ങൾ **ഒരു മനസ്സോടെ അംഗീകരിച്ചു**. അങ്ങനെ 2020–ാം വർഷത്തിന്റെ പുതിയ പ്രസിഡന്റിനേയും, മറ്റു ഭരണസമിതി അംഗങ്ങളേയും തിരഞ്ഞെടുത്തു.

തിരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണസമിതി അംഗങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാം. പ്രത്യേകിച്ച് ഡോ. മുരളീധർ (ജനറൽ സെക്രട്ടറി) അവർകൾക്കായി പ്രാർത്ഥിക്കാം.


Mr. **MATHEW JACOB**


Mr. **K. PAULOSE**


Mr. **MATHEW ABRAHAM**

*President* ................................ Mr. **MATHEW JACOB**
*Vice President* ......................... **CDR. JACOB MALAYATTU**
*General Secretary* .................. **Dr. MURALIDAR**
*Administrative Secretary.* ........ Mr. **K.PAULOSE**
*Treasurer* ................................ Mr. **MATHEW ABRAHAM**
*Prayer Secretary*..................... Mr. **RAJU**
*Promotional Secretary* ............ **1.** Mr. **SAJU GEORGE**
**............................................ 2.** Mr. **MANI KURIAKOSE**
*Members* ................................ **7 Members**

## തടസ്സങ്ങൾ



Dr. T.M. Idiculla



Mr. K.C. Jacob

പല മാസങ്ങൾക്കു മുമ്പ് തന്നെ ഈ ജനറൽ ബോഡി മീറ്റിംഗ് നടക്കേണ്ടതായിരുന്നു. അപ്പോഴാണ് കൊറോണ രോഗം ഒരു തടസ്സമായത്. അതോടുകൂടെ വേറൊരു തടസ്സവും ഉണ്ടായിരുന്നു. **TRIBAL MISSION** നിർവ്വാഹകൗൺസിലിൽ ഉണ്ടായിരുന്ന പ്രസിഡന്റ് സ്ഥാനത്തിരുന്ന ഒരു ഹോമിയോ ഡോക്ടർ ഇടിക്കുള എന്ന വ്യക്തി ജനറൽ സെക്രട്ടറിയോട് ആലോചിക്കാതെ തന്റെ ഇഷ്ടത്തിന് മിഷനറിമാരെ സ്ഥലം മാറ്റം നടത്തുകയും മിഷനറിമാരോട് ദയ ഇല്ലാതെ പെരുമാറിയതും വലിയ മനഃപ്രയാസത്തിന് കാരണമായി. പ്രസിഡന്റ് സ്ഥാനത്തിന്റെ അധികാര പരിധി അദ്ദേഹം കണക്കാക്കിയില്ല. ഈ സാഹചര്യത്തിൽ ജനറൽ ബോഡി മീറ്റിംഗ് നടത്തിയാൽ തന്റെ പദവിക്ക് ആപത്താണെന്ന് കരുതി ജനറൽ ബോഡി മീറ്റിംഗ് നടക്കാതിരിക്കാൻ **അഡ്മിനിസ്ട്രേഷൻ സെക്രട്ടറി ശ്രീ. ജേക്കബ് സി.ഇ.** അവർകളോട് ചേർന്ന് പല ഉപായങ്ങളും പ്രയോഗിച്ചു.

ഡോ. മുരളീധർ അവർകൾ ജനറൽ ബോഡി മീറ്റിംഗിന്റെ വിവരങ്ങൾ കലക്ടർ അവർകളെ അറിയിച്ച്, കലക്ടറുടെ അനുവാദം കത്ത് മൂലമായി വാങ്ങി കൊറോണ സമയത്ത് ആളുകൾ സാമൂഹ്യഅകലം പാലിച്ച് നിയമപ്രകാരം മീറ്റിംഗ് ഏർപ്പാട് ചെയ്തു. എന്നാലും ആ മീറ്റിംഗ് ഹാളിൽ വച്ച് നടത്താൻ പാടില്ല എന്നു പറഞ്ഞ് പല തടസ്സങ്ങൾ ഉണ്ടാക്കിയതായി ഞാൻ (ജാമക്കാരൻ) അറിഞ്ഞു. ഒടുവിൽ ഡോക്ടർ മുരളീധർ അവർകൾ എതിരൊന്നും പറയാതെ ***TRIBAL MISSION*** ഓഫീസിന്റെ ഉള്ളിലും വെളിയിലുമായി ആളുകളെ ഇരുത്തി ജനറൽ ബോഡി മീറ്റിംഗ് വളരെ ജയത്തോടെ നടത്തി. ആ സമയത്ത് ദൈവം നല്കിയ എല്ലാവിധ സഹായത്തിനായും ദൈവീക ജ്ഞാനത്തിനായും ദൈവത്തെ സ്തുതിക്കുന്നു.

അവസാനമയി ജനറൽ ബോഡി മീറ്റിംഗിന് വരാൻ കഴിയാത്തവർക്കായി ***PROXY CARDS*** എന്ന രീതി ഉപയോഗിച്ച് ജനറൽ ബോഡി അംഗങ്ങൾക്കെല്ലാം ***CARDS*** അയച്ചു കൊടുത്തു. ആ രീതിയിൽ 42 അംഗങ്ങൾ അവരുടെ സമ്മതത്തെ അറിയിച്ചു. നേരിട്ട് വന്ന 14 അംഗങ്ങളും ചേർന്ന് മൊത്തം 56 പേർ. **കോറം കണക്കിൻ പ്രകാരം 55 പേർ ഉണ്ടായിരിക്കണം. 55 ലും മേൽ കോറം** ഉണ്ടായിരുന്നതു കൊണ്ട് എല്ലാ തീരുമാനങ്ങളും പദ്ധതികളും നിയമപ്രകാരം നിറവേറ്റാൻ കഴിഞ്ഞു. **2 സാമു. 17:14 -ൽ എഴുതിയിരിക്കുന്നതുപോലെ അഹിഥോഫെലിന്റെ ആലോചനയെ അബദ്ധമാക്കാൻ ദൈവം തന്നെ കല്പന കൊടുത്തു.**

*TRIBAL MISSION* -ന്റെ ആരംഭകാലം മുതലേ എന്നോടുകൂടെ സഹകരിച്ചത് ഡോ. മുരളീധർ മാത്രമാണ്. താൻ ഒരുവൻ മാത്രം (മുരളീധർ) മല മലയായ് കയറി മിഷനറിമാരേയും സഭകളേയും സന്ദർശിച്ച് അവരെ ആത്മീയമായി ബലപ്പെടുത്തി. **ആദിവാസി കുട്ടികൾക്കും, മിഷനറിമാരുടെ കുട്ടികൾക്കും പഠിക്കാൻ മെട്രിക്കുലേഷൻ സ്കൂളുകളേയും**, അവർക്ക് താമസിച്ച് പഠിക്കാൻ **ഹോസ്റ്റലുകളും** ഏർപ്പാട് ചെയ്തു. അതിന്റെ ചിലവിനും, ടീച്ചർമാരുടെ ശമ്പളത്തിനും, ആദിവാസി ജനങ്ങൾക്കുവേണ്ടി ഉണ്ടാക്കിയ **ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് വേണ്ടിയും** പല സ്ഥലങ്ങൾ സന്ദർശിച്ച് ഈ വിഷയങ്ങളെ മറ്റുള്ളവരോടു പറഞ്ഞും അതോടുകൂടെ വിദേശ രാജ്യങ്ങളിലും ചെന്ന് *TRIBAL MISSION* -ന്റെ ആവശ്യങ്ങൾക്ക് വേണ്ടി **കൈ നീട്ടി യാചിക്കുന്നതുപോലെ** അലഞ്ഞു തിരിഞ്ഞ ഡോ. മുരളീധർ അവർകളെ വളരെ അനായസമായി തള്ളിക്കളഞ്ഞ് *TRIBAL MISSION* -നെ നശിപ്പിക്കാൻ നോക്കിയ **സ്ഥാനമോഹവും, അധികാരമോഹവും** കൊണ്ട് അലഞ്ഞ ആ രണ്ട് വ്യക്തികളുടെ പദ്ധതിയെല്ലാം ദൈവം തോല്പിച്ചു കളഞ്ഞു.

ഇവർക്ക് ***TRIBAL MISSION*** ആരംഭിച്ചതിന്റെ ചരിത്രം തന്നെ അറിയില്ല. എന്നാൽ സ്ഥാനത്തിന് വേണ്ടി, പേരിനും, പദവിക്കും, പുകഴ്ചക്കും വേണ്ടി നുഴഞ്ഞു കയറിയവരാണിവർ. ഈ ജനറൽ ബോഡി മീറ്റിംഗിനെ തടയാൻ അവർ ധാരാളം ശ്രമിച്ചു. അതുമൂലം സാക്ഷ്യം നഷ്ടപ്പെട്ടു. അതുകൊണ്ട്

ജനറൽ ബോഡി അംഗങ്ങൾ എല്ലാം ചേർന്ന് **രണ്ടു പേരേയും പദവിയിൽ നിന്ന് നീക്കിക്കളഞ്ഞു**. ദൈവനാമത്തിന് സ്തോത്രം (നെഹമ്യാവ് 2:18, നെഹ. 6:2, എസ്രാ 1:5) ഈ വലിയ മിഷനറി സംഘടനക്ക് വേണ്ടി **പ്രവർത്തിക്കാൻ സഹായിച്ചവർ, അലഞ്ഞവർ, കഷ്ടപ്പെട്ടവർ** എല്ലാവരേയും കർത്താവ് അനുഗ്രഹിക്കട്ടെ.

ഇതുവരെ ***TRIBAL MISSION*** -ന് വേണ്ടി സഹായിച്ചവർ, അദ്ധ്വാനിച്ചവർ, പ്രാർത്ഥിച്ചവർ, മിഷനറിമാരായി പ്രവർത്തിച്ച എല്ലാ മിഷനറിമാർക്കും യേശുക്രിസ്തുവിന്റെ നാമത്തിൽ ജാമക്കാരൻ വായനക്കാരോട് ചേർന്ന് ഞാനും നന്ദി പറയുന്നു.

**കുറിപ്പ്:-**

**കൊറോണ** കൃമി ലോകത്തിന്റെ പ്രവർത്തനങ്ങളെ **തലകീഴായ്** മാറ്റി. ഇന്ത്യയിൽ ക്രിസ്തീയ സ്ഥാപനങ്ങൾ, മിഷനറി സ്ഥാപനങ്ങൾ, സഭകൾ പല ഡയോസിസ് ഓഫീസുകൾ എല്ലാം അടച്ചതിന് ശേഷം ജനറൽ ബോഡി യോഗങ്ങൾ ബൈലോ (***BYLAW***) നിയമപ്രകാരം അംഗങ്ങളെ നേരിൽ വരുത്തി യോഗം നടത്താൻ സാധിക്കാതെ വന്നു. ട്രെയിൻ, ബസ്സ്, വിമാനം തുടങ്ങിയുള്ള ഒരു വാഹനം പോലും ഓടാതെ നാടു മുഴുവനും സ്തംഭിച്ച സ്ഥിതിയിൽ ഓരോരോ ക്രിസ്തീയ സ്ഥാപനവും ജനറൽ ബോഡിയോഗങ്ങളേയും ബൈലോ നിയമപ്രകാരം നേരിട്ട് വരാൻ സാധിക്കാത്ത സ്ഥിതിയിൽ ***zoom*** വഴിയായിട്ടും, വാട്സ്ആപ് വഴിയായിട്ടും മെമ്പർമാരോടു സംസാരിച്ചു. നേരിട്ടു വരാൻ സാധിക്കാത്ത മെമ്പർമാർ **രജിസ്ട്രേഡ് പോസ്റ്റ്** വഴിയായി തിരഞ്ഞെടുക്കുന്ന ഭരണസമിതി അംഗങ്ങളെ **ഞങ്ങളും സമ്മതിക്കുന്നു** എന്ന് അറിയിച്ച് ജനറൽ ബോഡി യോഗങ്ങളെ നടത്തിയതായി അറിയാൻ കഴിഞ്ഞു. ഡൽഹി മുതൽ കന്യാകുമാരി വരെ ഉള്ള **ചില ക്രിസ്തീയ സ്ഥാപനങ്ങൾ** ഈ രീതിയിലാണ് തിരഞ്ഞെടുത്തതെന്ന് അറിഞ്ഞു. ഇതേ രീതി തന്നെയാണ് ***TRIBAL MISSION*** ജനറൽ സെക്രട്ടറി അവർകളും നടപ്പിലാക്കിയത്. ഡോ. മുരളീധർ അവർകൾക്ക് 70 വയസ്സ് പൂർത്തിയായി. രണ്ട് പ്രാവശ്യം ഹാർട്ട് ഓപ്പറേഷൻ കഴിഞ്ഞ ഒരു വ്യക്തിയായിരുന്നിട്ടും ***TRIBAL MISSION*** പ്രവർത്തനത്തെ

മുമ്പോട്ടു കൊണ്ടുപോകാൻ **ജനറൽ ബോഡി യോഗം ചേരുന്നത്** അത്യാവശ്യമാണെന്ന് കരുതി തന്റെ പ്രായവും, ശാരീരിക സ്ഥിതിയും കണക്കിലെടുക്കാതെ തമിഴ്നാട്ടിൽ നിന്നും കലക്ടറുടെ അനുവാദത്തോടെ നീണ്ടയാത്ര ചെയ്ത് ***TRIBAL MISSION*** ഓഫീസിൽ എത്തി.

കൊറോണ പ്രശ്നങ്ങൾ ഉടനെ എങ്ങും അവസാനിക്കാൻ പോകുന്നില്ല എന്നുള്ള വിവരം പത്രത്തിൽ നാം എല്ലാവരും വായിച്ചറിഞ്ഞതാണ്.

ഇങ്ങനെയുള്ള സ്ഥിതിയിലാണ് പ്രസിഡന്റ് ഡോ. ഇടിക്കുളയും അഡ്മിനിസ്ട്രേഷൻ സെക്രട്ടറി അവർകളും, ജനറൽ ബോഡി യോഗം **മാറ്റി വയ്ക്കാൻ പറഞ്ഞിട്ടും** ഭൂരിപക്ഷ മെമ്പർമാരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഈ യോഗം നടത്താൻ തീരുമാനിച്ചത്. ഇത് ഇവർക്ക് രണ്ടുപേർക്കും വെറുപ്പും ദേഷ്യവും ഉണ്ടാകാൻ കാരണമായി. വേറെ ചില കാരണങ്ങളും ഇവരുടെ ദേഷ്യത്തിന് പ്രധാന സ്ഥാനം വഹിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഇവർ ജനറൽ സെക്രട്ടറി അവർകളെ **പല വിഷയത്തിൽ ഭീഷണിപ്പെടുത്തി ബ്ലാക്ക്മെയിൽ** ചെയ്യുന്ന വിധത്തിൽ അവർ എഴുതിയ കത്തുകൾ ചിലർ മൂലമായി ഞാൻ അറിഞ്ഞു. ഇത് എന്റെ ഉള്ളത്തിൽ വേദനയുണ്ടാക്കി.



Our 1st Visit to Nilambor

**ഡോക്ടർ പുഷ്പരാജായ ഞാൻ,** ***TRIBAL MISSION*** ആരംഭിച്ച കാലത്ത്, ഇവരാരും കൂടെ ഉണ്ടായിരുന്നില്ല. അന്ന് എന്നോടുകൂടെ നിലമ്പൂർ വനത്തിൽ മലകയറിയവർ മൊത്തം 5 പേരാണ്. സഹോദരൻ കുര്യാക്കോസ്, സഹോദരൻ തോമാച്ചൻ,

സഹോദരൻ മോഹൻ കുര്യൻ, സഹോദരൻ റ്റി.എസ്. തോമസ്സ്, സഹോദരൻ കെ.റ്റി. മാത്യു തുടങ്ങിയവരാണ് എന്നോടുകൂടെ ഉണ്ടായിരുന്നത്. അതിനുശേഷം ***TRIBAL MISSION*** പ്രവർത്തനങ്ങളെ എന്റെ മാസികമൂലം വായിച്ചറിഞ്ഞ കേരളത്തിലുള്ള എല്ലാ സഭാവിശ്വാസികളും ഈ ***TRIBAL MISSION*** -ൽ തങ്ങളേയും ഉൾപ്പെടുത്തണമെന്ന് എനിക്കെഴുതി. അങ്ങനെയാണ് കോട്ടയത്തുള്ള സഹോദരൻ എ.കെ. വർഗ്ഗീസിനോട് ചേർന്ന് ഇനിയും പലർ പ്രാർത്ഥനയോടെ ഞങ്ങളോട് ചേർന്ന് ***TRIBAL MISSION*** -നെ **ഗവൺമെന്റിൽ രജിസ്റ്റർ ചെയ്തു.** അതിനുശേഷം കോട്ടയത്ത് മാമൻ മാപ്പിള ഹാളിൽ വച്ച് ഒരു ദിവസത്തെ ഉപവാസപ്രാർത്ഥന ഞാൻ സംഘടിപ്പിച്ചു. ആ യോഗത്തിൽ എന്റെ മാസികയിലെ പരസ്യം കണ്ട പലരും വന്ന് സംബന്ധിച്ചു. ആ യോഗത്തിൽ **കൊല്ലം ബെൻസിഗർ ഹോസ്പിറ്റലിൽ** ജോലി ചെയ്ത **ഹാർട്ട് സ്പെഷ്യലിസ്റ്റ് ഡോ. മുരളീധർ** അവർകളും പങ്കെടുത്തു. ഡോക്ടർ അവർകൾ എം.ബി.ബി.എസ്. പഠിക്കുമ്പോഴെ ഞാൻ അവരുടെ വീട്ടിൽ പ്രാർത്ഥിക്കാൻ ചെന്ന് പരിചയപ്പെട്ടിരുന്നു. ***TRIBAL MISSION*** കമ്മറ്റിയിൽ ഒരു ചുമതലയും ഏറ്റെടുക്കാൻ ആരംഭം മുതലെ എനിക്കിഷ്ടമില്ലായിരുന്നു. ഇപ്പോഴും അതേ



**Dr. Muralidar,** M.D., *Joined in Tribal Mission at Kottayam (Manorama) Mamman Mappillai Hall,*
**Fasting Prayer Meeting**

നിലയിൽ തന്നെയാണ് ഞാൻ തുടരുന്നത്. ഡോ. മുരളീധർ ജനറൽ സെക്രട്ടറിയായി ചുമതല ഏറ്റതിന് ശേഷം ***TRIBAL MISSION*** ആൽമരം പോലെ വളർന്നു പന്തലിച്ചു. രാജസ്ഥാൻ വരെ മിഷനറി പ്രവർത്തനങ്ങൾ വ്യാപിച്ചു. അതിനെല്ലാം കാരണം ഡോ. മുരളീധർ ആണ്. അദ്ദേഹത്തെ മാറ്റി നിർത്തി ***TRIBAL MISSION*** നും ***TRIBAL MISSION*** പ്രവർത്തനവും ***TRIBAL MISSION*** ബഥനി ഹോസ്പിറ്റലും നടത്തി കൊണ്ടുപോകുന്നത് ചിന്തിക്കാൻ പോലും സാധിക്കത്തില്ല. മിഷനറിമാരുടെ കുറവുകളം, തെറ്റുകളും ക്ഷമയോടെ സഹിച്ച് അവരെ ഉത്സാഹിപ്പിച്ചു കൊണ്ടുപോകാൻ അദ്ദേഹത്തിന് പ്രത്യേക കഴിവാണ്. ഈ വിവരങ്ങളെല്ലാം ഇപ്പോഴുള്ള പുതിയ വായനക്കാർക്ക് അറിയാൻ വേണ്ടിയും ***TRIBAL MISSION*** പഴയ കമ്മറ്റിയെയും പുതിയ കമ്മറ്റിയെയും കുറിച്ച് അറിയാനും വേണ്ടിയാണ് ഞാൻ ഇത് ഓർമ്മപ്പെടുത്തി എഴുതുന്നത്. ***TRIBAL MISSION*** –ൽ ഇതുവരെ ഉണ്ടായിരുന്ന ഭാരവാഹികളും ഇപ്പോഴുള്ള ഭാരവാഹികളും നല്ല മാനസാന്തര അനുഭവമുള്ളവരാണ്. പക്ഷെ ഈ സമാധാനമായ സാഹചര്യത്തെ തകർക്കാൻ പിശാച് ഉപയോഗിച്ച ഈഗോ, കയ്പിന്റെ വേര്, അഭിമാനം, സ്വാധീനം ഇതെല്ലാം ആണ് കഴിഞ്ഞ ചില മാസങ്ങളായി ***TRIBAL MISSION*** ന്റെ ഉള്ളിൽ ക്രിയ ചെയ്തു കൊണ്ടിരുന്നത്. ഇനി ഇത് തുടരാതിരിക്കാൻ നാം എല്ലാവരും ഒരു അമ്മയുടെ മക്കളായി ഈ ശുശ്രൂഷയെ മുന്നോട്ടു കൊണ്ടു പോകുവാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ. ഈ ***TRIBAL MISSION*** –ൽ പ്രവർത്തിക്കുന്ന ഏകദേശം 200–ൽ പരം മിഷനറിമാർ പട്ടിണി കിടക്കാതവണ്ണം നാം എല്ലാം ഒറ്റക്കെട്ടായി നിന്ന് ഈ പ്രവർത്തനങ്ങളെ മുമ്പോട്ടു കൊണ്ടു പോകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് പ്രാർത്ഥനയോടെ ഞാൻ ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

-------:::-----

# Thoughts...

*for this month*

സിംഹക്കുട്ടികൾ
ഒരു പക്ഷെ പട്ടിണി
കിടക്കേണ്ടി വന്നാൽ
പോലും ദൈവത്തെ
അന്വേഷിക്കുന്നവർക്ക്
അവൻ ഒരു നന്മയ്ക്കും
മുടക്കം വരുത്തുകയില്ല
എന്ന് ദാവീദ് മനസ്സി
ലാക്കി. ദൈവത്തിൽ
ശരണപ്പെടുന്നവർക്ക്
ഏതു സാഹചര്യങ്ങളി
ലും മുട്ടുവരാതെ ഈ
ദൈവം കരുതുന്നവ
നാണ് എന്ന് ദാവീദ്
മനസ്സിലാക്കി





ശത്രു ഒരു ആക്രമണം
നടത്തിയാൽ അതിനെ
നാലു വിധം പ്രതിരോ
ധിക്കുവാൻ ദൈവത്തി
നു കഴിയുമെന്നുള്ളത്
നമ്മെ അധികമായി
ധൈര്യപ്പെടുത്തുവാൻ
ഉപയോഗിച്ചിരിക്കുന്ന
വാക്കുകൾ ആണ്
ദൈവം നമ്മെ ശക്തരാ
ക്കുക മാത്രമല്ല ദൈവം
തന്നെയാണ് നമ്മുടെ
ശക്തി എന്നും തെളിയി
ക്കപ്പെടുന്നു.

## Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.

**JULY - 2020**